വോള്യം – 8 ലക്കം – 152 ജൂലായ് 2026 മലയാളം – ഇംഗ്ലീഷ്

# ഫിലിംവിഷൻ

www.filca.in
8089036090
filcakerala@gmail.com

News portal:
www. keralapedia.com

DIGITAL FILM MAGAZINE PUBLISHED BY FILCA FILM SOCIETY TRIVANDRUM

FILCA FILM SOCIETY IN ASSOCIATION WITH JOINT COUNCIL, YUVAKALA SAHITHY, CHALACHITHRA ACADEMY, BEAM FILM SOCIETY, AFSO, KERALA PEDIA NEWS, KERALA VISUAL ENCYCLOPAEDIA AND OTHER ORGANISATIONS

# വേദന

## മെഡിക്കൽ എത്തിക്സ് ചലച്ചിത്രമേള

26 Sunday July, 2026


Joint Council Hall, Near Press club,Trivandrum

09.10 AM





ONE FLEW OVER THE CUCKOO'S NEST
Milos Forman

11.25 AM




PERSONA
Ingmar Bergman

01.50 PM




RED BEARD
Akira Kurusawa

5.00 p.m
പ്രഭാഷണം , കവിയരങ്ങ് , സർട്ടിഫിക്കറ്റ് വിതരണം

FREE ENTRY TO ALL



മുഖ്യാതിഥി
കെ. മുരളീധരൻ
ബഹു: ആരോഗ്യ വകുപ്പ് മന്ത്രി



പ്രഭാഷണം
ഡോ. മോഹൻ റോയ്
പ്രൊഫ. സൈക്യാട്രി വകുപ്പ്
ഗവ. മെഡിക്കൽ കോളേജ്,
തിരുവനന്തപുരം

# What's Inside

## ഫിലിം വിഷൻ Digital Magazine July 2026


📖 9-15 Click to go

1. Medical Ethics and Cinema
**Dr. B . Radhakrishnan** (President, Filca Film Society)




📖 16-25 Click to go

2. മികച്ച ഫിലിം സൊസൈറ്റികൾക്കും സ്റ്റേറ്റ് അവാർഡ് ഏർപ്പെടുത്തണം
ലേഖനം - സാബു ശങ്കർ
(നോവലിസ്റ്റ് , ചലച്ചിത്ര ഗ്രന്ഥകാരൻ, സംവിധായകൻ)



📖 26-31 Click to go

3. ആരോഗ്യ രക്ഷയുടെ മനുഷ്യപക്ഷം: ചലച്ചിത്രമേള
ലേഖനം - ലീലാമ്മ തോമസ് ബോട്സ്വാന (ഫിൽക്ക)



📖 32-43 Click to go

4. സാന്ത്വനത്തിന്റെ വൈവിധ്യങ്ങൾ ലോകസിനിമയിൽ
ലേഖനം - പി. എസ്. ജ്യോതിഷ്കുമാർ (ഫിൽക്ക)



📖 44-53 Click to go

5. വൺ ഫ്ലൂ ഓവർ ദി കുക്കൂസ് നെസ്റ്റ്
ലേഖനം - ഷാജി.എ (ഫിൽക്ക)




📖 54-58 Click to go

6. മിലോഷ് ഫോർമൻ : ചെക്ക് ന്യൂ വേവിന്റെ അമരശില്പി. ലേഖനം - നിമിഷ ഹെലൻ ( ഫിൽക്ക)



📖 59-66 Click to go

7. പേഴ്സോണ

ലേഖനം - വിനോദ്കുമാർ. പി ( ഫിൽക്ക)



📖 67-70 Click to go

8. പേഴ്സോണ : ഇരട്ട മുഖങ്ങൾ

കവിത - രാജാംബിക ( വൈസ് പ്രസിഡന്റ്, ഫിൽക്ക)



📖 71-78 Click to go

9. ഇംഗ്മെർ ബെർഗ്മാൻ

ലേഖനം - സുരേഷ്കുമാർ. സി.

(സെക്രട്ടറി, ബീം ഫിലിം സൊസൈറ്റി)



📖 79-92 Click to go

10. റെഡ് ബിയാർഡ് : സമർപ്പിതനായ ഭിഷഗ്വരൻ

ലേഖനം - ജോൺ തോമസ്, (ഫിൽക്ക)



📖 93- 106 Click to go

11. അകിറ കുരോസാവ – മനുഷ്യനെ
അന്വേഷിച്ച ചലച്ചിത്രകാരൻ

ലേഖനം - പ്രൊഫ. ഡോ. ബേബി പോൾ (ഫിൽക്ക)



# കവിയരങ്ങ്


📖 107-108 Click to go

1. മേടിക്കലെത്തിക്സ്

സുലേഖ കുറുപ്പ്



📖 109-110 Click to go

2. വേദന: ചില ശ്ലഥചിന്തകൾ

കരുമം. എം. നീലകണ്ഠൻ



📖 111-112 Click to go

3. മരണച്ചന്ത

അജി. എസ്.



📖 113-117 Click to go

4. ഒറ്റമൂലിയെക്കാത്ത്

സജി അജീഷ്



📖 118-119 Click to go

5. ആതുരാലയക്കൊള്ള

ജയചന്ദ്രൻ നായർ



📖 120-121 Click to go

6. സാന്ത്വനം വെറും സ്വപ്നം

വിശ്വംഭരൻ രാജസൂയം



📖 122-123 Click to go

7. സ്നേഹസാന്ത്വനം

തിരുമല ശിവൻകുട്ടി



📖 124-126 Click to go

8. എങ്ങുമെത്താത്ത രോദനങ്ങൾ

പ്രൊഫ . ടി. ഗിരിജ



📖 127-128 Click to go

9. മരണദൂരങ്ങൾ

അനിതാ ശരത്



📖 129-130 Click to go

10. ഹൃദയപൂർവ്വം

അനീഷ് ആർ. കെ.



KPharma

**PERSONALISED NUTRITION TAILORED TO YOU**



**YOUR ESSENTIALS, DELIVERED MONTHLY**



**Home Delivery: +91 9995811166**

KPharma

HOME DELIVERY:
+91 99958 11166




PERSONALISED NUTRITION TAILORED TO YOU




റോബോട്ടിക് സർജറി വിഭാഗങ്ങൾ

യൂറോളജി | ഗൈനക്കോളജി | സർജിക്കൽ ഓങ്കോളജി | ജനറൽ സർജറി | സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി | കാർഡിയോതൊറാസിക് സർജറി | ഇ. എൻ. ടി.


+91 471 471 1000 | 294 1000

09:10 AM ONE FLEW OVER THE CUCKOO'S NEST




( Milos Forman/ USA )

11: 25 AM PERSONA




( Ingmar Bergman/ Sweden)

01:50 PM RED BEARD




( Akira Kurosawa / Japan )

പ്രവേശനം സൗജന്യം

# 25th year FILCA FILM SOCIETY

## വേദന മെഡിക്കൽ എത്തിക്സ് ചലച്ചിത്രമേള &

**5:00 PM ചർച്ച, കവിയരങ്ങ്, സർട്ടിഫിക്കറ്റ് വിതരണം**

26 ഞായർ, ജൂലൈ 2026

ജോയിന്റ് കൗൺസിൽ ഹാൾ, പ്രസ് ക്ലബിന് സമീപം

മുഖ്യാതിഥി



**കെ.മുരളീധരൻ**
ബഹു. മന്ത്രി, ആരോഗ്യ വകുപ്പ്

പ്രഭാഷണം



**ഡോ. മോഹൻ റോയ്**
പ്രൊഫ. സൈക്യാട്രി വകുപ്പ്,
ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം.



ലേഖന മത്സരം. വിഷയം - മെഡിക്കൽ എത്തിക്സ്. 3 പേജിൽ കവിയരുത്.
മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതാം. മികച്ച 10 ലേഖനങ്ങൾക്ക്
ബഹു. ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ . കെ. മുരളീധരൻ സർട്ടിഫിക്കറ്റുകൾ
സമ്മാനിക്കുന്നു. ലേഖനങ്ങൾ ജൂലൈ 22 ന് മുൻപായി ലഭിക്കണം.
വാട്സ്ആപ്പ് നമ്പർ:- 80890 36090. ഇമെയിൽ:- filcakerala@gmail.com

filcakerala@gmail.com 80 890 360 90 Film magazine @ www.filca.in

# The Paradox of Medical Ethics and Cinema



Dr. B. Radhakrishnan ( President , Filca Film Society , Trivandrum )

*Yet, in many spheres, one can also observe the octopus- grip of unrighteousness. Our society and artistic works need to remain vigilant to ensure medical ethics and to root out malpractices in the healthcare service sector.*

In the spectrum of world cinema, we can see some efforts in depicting the sense of medical ethics. The term "medical ethics" generally consists of certain rules, values, and reasoning we use when prescribed medicine or procedure touches a human life. It’s not just “what can we do” medically. It’s “what should we do” morally.

Certain movies are still very relevant in this regard. Among them, Akira Kurosawa has

envisioned this ethical world of medical treatment sensitively in his classic film, Red Beard.

As the wheel of time turns, certain mathematical principles have been formulated within the scope of human knowledge. Alongside this, the theory of the evolution of living beings has been integrated into the realm of physics. It is envisioned that this is a prosperous era for humanity—an age of righteousness (Dharma Yuga).



Yet, in many spheres, one can also observe the octopus- grip of unrighteousness. Our society and artistic works need to remain vigilant to ensure medical ethics and to root out malpractices in the healthcare service sector.

Ancient moral instructions can be traced back to Egyptian writings before 2000 BCE. The earliest recorded systematic effort to justify a set of ethics through logic belongs to Aristotle. (384-322 BCE). Aristotle used the term 'ethikos' to encompass the concepts of customs, habitual character, and personal disposition. Many other ancient Greek writers, including Thucydides (c. 460-400 BCE), Plato (c. 426-347 BCE), and Luke (c. first century CE), also used this term. A biologist and jurist, Aristotle aimed for practicality in his philosophical writings, aspiring to outline a system that contributes to individual and societal well-being. This pragmatic approach influences mainstream

ethical codes, which grapple with balancing personal and societal interests.

In Medical Ethics, a system of moral principles and values governs healthcare and research. Its core framework relies on four primary principles: autonomy, beneficence, nonmaleficence, and justice. Autonomy is respecting a patient's right to make informed choices about their own medical care. Beneficence is acting with the intent to do good and serve the patient's best interest. Nonmaleficence is the fundamental obligation to do no harm. Justice is ensuring fairness in distributing health resources and treating individuals equitably.

The most striking development in the study of ethics since the mid-1960s was the growth of interest among philosophers in practical, or applied, ethics—i.e., the application of normative

ethical theories to practical problems. This is not, admittedly, a totally new departure.

From Plato onward, moral philosophers have concerned themselves with practical questions, including suicide, the exposure of infants, the treatment of women, and the proper behaviour of public officials. Christian philosophers, notably Augustine and Aquinas, examined with great care such matters as when a war is just, whether it is ever right to tell a lie, and whether a Christian woman does wrong by committing suicide to save herself from rape. Hobbes had an eminently practical purpose in writing his Leviathan, and Hume wrote about the ethics of suicide.

The British utilitarians were very much concerned with practical problems; indeed, they considered social reform to be the aim of their philosophy. During the first six decades of the 20th century,

moral philosophers largely neglected applied ethics—something that now seems all but incredible, considering the traumatic events through which most of them lived. The most notable exception, Bertrand Russell, seems to have regarded his writings on ethical topics as largely separate from his philosophical work and did not attempt to develop his ethical views in any systematic or rigorous fashion.

Early texts, such as the Hippocratic Oath, emphasise the importance of acting for the patient's benefit and preventing harm. The Declaration of Helsinki, adopted in 1964 by the World Medical Association, sets benchmarks for human subject research.

In today's world, there are many contradictions in the medical field. The number of incidents that

endanger humans in treatment, surgery, medicine, and technology is increasing. Moreover, the vast majority of people without insurance are suffering and dying without getting the best treatment. The media, literary, and film works must also strengthen this other side. Care for human protection is sacred.

The FILCA Film Society is screening three films ; One Flew Over the Cuckoo's Nest (Milos Forman), Persona (Ingmar Bergman), and Red Beard (Akira Kurosawa) at the July Film Festival. A poetry reading is also being organised on the topic of medical ethics. The Honourable Minister for Health, Shri K. Muraleedharan, is the chief guest. Lecture - Dr Mohan Roy, Prof., Department of Psychiatry, Govt. Medical College, Thiruvananthapuram. All are welcome.

# മികച്ച ഫിലിം സൊസൈറ്റികൾക്കും ചലച്ചിത്ര അവാർഡ് ഏർപ്പെടുത്തണം

സാബു ശങ്കർ
( നോവലിസ്റ്റ് , ചലച്ചിത്ര ഗ്രന്ഥകാരൻ , സംവിധായകൻ )



*ഒന്നാമതായി നാം മനസ്സിലാക്കേണ്ടുന്ന കാര്യം തീയേറ്റർ വ്യവസായ വിനോദ സിനിമയും പ്രതിഭാപരമായ ആശയ സിനിമയും രണ്ടു ധാരകളിൽ ഉള്ളതാണ് എന്നുള്ളതാണ്. ഒന്ന് , പോപ്പുലർ ധാര. രണ്ടാമത്തേത് , ക്ലാസിക്കൽ ധാര.*

**കേ**രള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ലക്ഷ്യം എന്ത് ?, പ്രവർത്തന തലങ്ങൾ ഏതൊക്കെ ?, എന്ന് തിരിച്ചറിഞ്ഞാൽ മാത്രമേ അതിനെ അർത്ഥവത്തായി, ലോകശ്രദ്ധേയമായി, മുന്നോട്ട് കൊണ്ടു പോകാൻ സാധിക്കൂ . സമൂഹത്തിൽ ഫിലിം സൊസൈറ്റികൾ നിർവ്വഹിക്കുന്ന ചരിത്രപരമായ, സൗന്ദര്യശാസ്ത്രപരമായ പങ്ക് എന്തെന്ന് ഏറെ പേർക്കും അറിയില്ല. ചലച്ചിത്ര അക്കാദമി

എക്സിക്യൂട്ടീവ് കമ്മറ്റിയിൽ വന്നുചേരുന്നവർ ഈ ചലച്ചിത്രകലാധാര യുമായി ബന്ധമുള്ളവരുമല്ല .



ലോകത്ത് യഥാർത്ഥ ഫിലിം സൊസൈറ്റികൾ വാസ്തവത്തിൽ ഒരു ചലച്ചിത്ര യൂണിവേഴ്സിറ്റി ആണെന്ന് പറയാം. കേരളത്തിൽ  പതിന്നാല് ജില്ലകളിലായി മികച്ച പ്രവർത്തനം കാഴ്ച വെയ്ക്കുന്ന പതിനഞ്ചോളം  ഫിലിം സൊസൈറ്റികൾ മാത്രമേ ഉള്ളൂ. വാർഷിക പ്രവർത്തന റിപ്പോർട്ട് പരിശോധിച്ചാൽ , യഥാർത്ഥ പ്രവർത്തനം പരിശോധിച്ചാൽ അത് മനസ്സിലാക്കാം. ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റിയിൽ കേരളമേഖലയുടെ കൗൺസിലിൽ ഭരണസമിതി സ്ഥിരമായി

പിടിച്ചെടുക്കാൻ ഇരുപതോളം വ്യാജ ഫിലിം സൊസൈറ്റികളും രംഗത്തുണ്ട് .
പുതിയ കണക്ക് പ്രകാരം അഫിലിയേഷൻ ലഭിച്ചിട്ടുള്ള ഫിലിം സൊസൈറ്റിയുടെ എണ്ണം വെറും നാല്പത്തിയാറ് . കേരള സംസ്ഥാന സാംസ്കാരിക വകുപ്പ് ഫിലിം സൊസൈറ്റിയുടെ നിലനിൽപ്പിനായി നൽകുന്ന വാർഷിക ഗ്രാന്റ് അൻപത് ലക്ഷം രൂപ . ഭരണസമിതിയുടെ ഇഷ്ടാനിഷ്ടങ്ങൾ പോലെ പ്രസ്തുത ഗ്രാൻറ് ദുരുപയോഗിക്കുന്നു . ഇതിനെതിരെ വിജിലൻസ് കേസും നടക്കുന്നു . മികച്ച പ്രവർത്തനം നടത്തുന്ന പല ഫിലിം സൊസൈറ്റികളും ഗ്രാന്റ് വാങ്ങിക്കാതെ മാറിനിൽക്കുന്നു .



ഉത്തരവാദിത്വം ഉള്ളതുകൊണ്ട് മാത്രം ഏതാനും ഫിലിം സൊസൈറ്റികൾ വളരെ ബുദ്ധിമുട്ടി അതിജീവിക്കുന്നു . അതുകൊണ്ട് ഫിലിം സൊസൈറ്റികൾക്കും ചലച്ചിത്ര അവാർഡ് ഏർപ്പെടുത്തേണ്ടതുണ്ട് . മികച്ച സർഗ്ഗാത്മക സിനിമ അല്ലെങ്കിൽ ചലച്ചിത്രകല എന്നത് മനസ്സിലാക്കാൻ കലയുടെ പരിണാമവും ലോകസിനിമയുടെ ചരിത്രവും സൗന്ദര്യ തത്വശാസ്ത്രവും ഒക്കെ അറിഞ്ഞേ തീരു . പൊതുവെ അത്ര എളുപ്പമുള്ള കാര്യവുമല്ല . ഗഹനമായ ആ കാര്യങ്ങളെ കുറിച്ചുള്ള അറിവാണ് ചലച്ചിത്ര അക്കാദമിയുടെ ലക്ഷ്യങ്ങളിൽ മുന്നിട്ട് നിൽക്കുന്നതും .

ഒന്നാമതായി നാം മനസ്സിലാക്കേണ്ടുന്ന കാര്യം തീയേറ്റർ വ്യവസായ വിനോദ സിനിമയും പ്രതിഭാപരമായ ആശയ സിനിമയും രണ്ടു ധാരകളിൽ ഉള്ളതാണ് എന്നുള്ളതാണ് . ഒന്ന് , പോപ്പുലർ ധാര . രണ്ടാമത്തേത് , ക്ലാസിക്കൽ ധാര .

കാലത്തിനൊപ്പം സഞ്ചരിക്കുക , ലോകത്തെ അറിയുക , ചിന്തിക്കുക , പ്രവർത്തിക്കുക എന്നത് സുപ്രധാനമാണ് . ഇതൊരു ബോധനിലവാര പ്രശ്ന

വിഷയമാണ് . സാംസ്കാരിക സാക്ഷരതയുടെ വിഷയ പ്രശ്നവുമാണ് . അറിവിന്റെയും ആശയത്തിന്റെയും ആസ്വാദനത്തിന്റെയും പരിമാണത്തിൽ രണ്ട് നിലവാരങ്ങളെ നാം കാണുന്നു . ഒന്ന്, ജീവിത ചുറ്റുപാടിൽ നിന്നും ലഭിക്കുന്ന സ്വാഭാവിക, സാധാരണ നിലവാരം . മറ്റൊന്ന്, ബോധനപരമായി ആർജ്ജിച്ചെടുക്കുന്ന സാംസ്കാരിക നിലവാരം . ഈ വൈരുധ്യങ്ങൾ തമ്മിൽ സമാസമം എങ്കിലും നിലനിൽക്കുന്ന ദേശങ്ങളിൽ സാംസ്കാരിക ബൗദ്ധിക വൈജ്ഞാനിക കലാവൈഭവ രംഗങ്ങൾ മുന്നോട്ട് പോകും . ഇവ തമ്മിൽ ധ്രുവീകരണം സംഭവിച്ചാൽ ആ ദേശം നശിക്കാൻ തുടങ്ങും .

ഉന്നതവും മാനവികവും സാർവ്വജനീനവും നൂതനവും ഉത്തമവുമായ നിലവാരം ക്ലാസിക്കൽ സിനിമയുടേതാണ് . ഇത്തരത്തിലുള്ള ചലച്ചിത്ര സൃഷ്ടികളെ നാം വിശ്വ സിനിമ എന്ന് വിളിക്കുന്നു . അവയെ ഏതു രാജ്യക്കാർക്കും ഉൾക്കൊള്ളാനും ആസ്വദിക്കാനും സാധിക്കും . പ്രചോദനങ്ങളുണ്ടാകും . പ്രതികരിക്കാനുമാവും . രാജ്യാന്തര ഫിലിം ഫെസ്റ്റിവലുകളിൽ പ്രദർശിപ്പിക്കുന്നത് ഈ സുബോധധാരാ സൃഷ്ടികളാണ് .

ഒരാൾ സ്കൂൾ വിദ്യാർത്ഥി ആയിരിക്കുമ്പോൾ ഗ്രഹിക്കുന്ന വിഷയങ്ങൾ ഓരോ വർഷവും കഴിയുമ്പോൾ ഘട്ടം ഘട്ടമായി  വികസിക്കുന്നു . യൂണിവേഴ്സിറ്റി വിദ്യാഭ്യാസ തലത്തിലെത്തുമ്പോൾ  വായനയും അറിവും വർധിക്കുന്നു . പിന്നെ സ്വതന്ത്രമായ വായനയിലേക്കും  സംസർഗ്ഗത്തിലേക്കും കടക്കുമ്പോൾ തനതായൊരു വ്യക്തിത്വം ആർജ്ജിക്കുന്നു . സാഹിത്യമായാലും സാങ്കേതികമായാലും ശാസ്ത്രമായാലും തത്വശാസ്ത്രമായാലും  ഘട്ടം ഘട്ടമായ വികാസം ഒരാളുടെ ജീവിതത്തിൽ കാണാൻ കഴിയും . ആർജ്ജിത വ്യക്തിത്വങ്ങളെ അറിയുവാനും കഴിയും . ഒരുപക്ഷെ  ബോധനനിലവാരം അനുസരിച്ച്  ലോകപൗരനായി മാറുവാനും സാധിക്കും .

ഇവിടെ  സാർവലൗകിക  വീക്ഷണത്തിൽ വ്യക്തിത്വം  പ്രകാശിക്കാൻ തുടങ്ങുന്നു . വിവിധ രംഗങ്ങളിൽ  പ്രകാശം വർഷിക്കാനും തുടങ്ങുന്നു. ചലച്ചിത്രം എന്ന കലാരൂപ വിഷയത്തിലും ഇങ്ങനെ സംഭവിക്കുന്നു . അറിവിന്റെ വികാസവും ആസ്വാദനക്ഷമതയുടെ  പര്യാപ്തതയും കൈവരിക്കുന്നു .




സാഹിത്യം , നാടകം , കവിത , ചിത്രകല, സംഗീതം തുടങ്ങി ഏതൊരു കലാരൂപത്തെക്കാളും കൂടുതൽ സാധ്യത ചലച്ചിത്രകലയ്ക്കാണ് എന്നൊരു തിരിച്ചറിവും സംഭവിച്ചേക്കാം . ഇത് ഒരു കലാകാരന്റെ രൂപാന്തരം ആയി വ്യാഖ്യാനിക്കുകയും ചെയ്യാം . ഒരു വ്യക്തിയുടെ, ആസ്വാദകന്റെ പക്വതയാർന്ന നിലവാരമായി പരിഗണിക്കുകയും ചെയ്യാം .

പ്രാദേശിക തീയേറ്ററുകളിലെ ടിക്കറ്റ് കൗണ്ടർ എന്ന ബോക്സ് ഓഫീസിൽ പണം നിറയുന്നതിനു ആനുപാതികമായ പ്രദർശന മാനദണ്ഡമാണ്

ജനപ്രിയ സിനിമയുടേത് . ഒരാളുടെ ജീവിതത്തിൽ ഈ പോപ്പുലർ വിനോദ സിനിമ ആസ്വാദനത്തിന്റെ , അറിവിന്റെ സ്കൂൾ വിദ്യാഭ്യാസ ഘട്ടത്തോട് ഉപമിക്കാം . പിന്നീടുള്ള വളർച്ചയുടെ ഘട്ടങ്ങൾ കൂടുതൽ മികച്ച സൃഷ്ടികളുമായുള്ള പരിചയപ്പെടലിന്റേതാണ്. അങ്ങനെ ഒരാൾ ഉന്നതമായ , ഉദാത്തമായ , യുക്തിഭദ്രമായ

ലോക സിനിമയുടെ ആസ്വാദനത്തിലേക്കും ഗ്രഹണക്ഷമതയിലേക്കും വളരുന്നു . ഇതിനുള്ള സൗകര്യം ഒരുക്കുന്നത് ഫിലിം സൊസൈറ്റികൾ എന്ന ചലച്ചിത്ര യൂണിവേഴ്സിറ്റിയിലൂടെയാണ് . കോളേജുകളിൽ ഫിലിം ക്ലബുകൾ രൂപീകരിക്കുന്നതും ഈ ഉദ്ദേശത്തോടു കൂടിയാണ്.

ചുരുക്കിപ്പറഞ്ഞാൽ ലോക മാനവ ചിന്തകളും അറിവുകളും കേരളീയ സാംസ്കാരിക മണ്ഡലത്തിൽ അറുപതുകളിൽ പ്രതിഫലിച്ചിരുന്നു . മികച്ച മലയാള സാഹിത്യ കൃതികളെ അവലംബമാക്കി നിർമ്മിച്ച മലയാള സിനിമകളിൽ ജീവിത യാഥാർഥ്യത്തിന്റെ തുടിപ്പുകൾ പ്രേക്ഷകരെ ആകർഷിച്ചിരുന്നു . പിന്നീടതിനു ധ്രുവീകരണം സംഭവിച്ചു .

സാമ്പത്തിക അത്യാഗ്രഹത്തിനു പ്രാധാന്യം നല്കിയതുകൊണ്ടാവാം  മലയാള സിനിമയ്ക്ക് ഗുണപരമായ  പരിണാമം സംഭവിക്കാതെ പോയത് .  കലാമൂല്യമുള്ള , പ്രതിഭാധന്യമായ സിനിമ തഴയപ്പെടുന്ന അവസ്ഥയും ഉണ്ടായി . അങ്ങനെ പ്രേക്ഷക മനശാസ്ത്രത്തിലും മികച്ച സിനിമയെ കുറിച്ചുള്ള സാക്ഷരത നഷ്ടമായി .
എഴുപതുകളിൽ സജീവമായ  ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിലൂടെ ചലച്ചിത്രകലയിൽ  പ്രചോദന രണനങ്ങളുണ്ടായി . ഗ്രന്ഥശാലാ പ്രവർത്തകരും ശാസ്ത്ര സാഹിത്യ പരിഷദ് പ്രവർത്തകരും അധ്യാപകരും ബാങ്ക് ജീവനക്കാരും ശാസ്ത്ര സ്ഥാപനങ്ങളിലെ ജീവനക്കാരും കലാകാരന്മാരും പ്രതിഭകളും  സജീവമായി . നൂറിലധികം ഫിലിം സൊസൈറ്റികൾ കേരളത്തിൽ വളർന്നുവന്നു . പുതിയൊരു ആസ്വാദന തരംഗം പടർന്നു . ചലച്ചിത്ര നിരൂപണത്തിലും  പഠനത്തിലും മാറ്റം വന്നു .  അപൂർവ്വം  നിർമ്മാണ സംരംഭങ്ങളും ഉണ്ടായി . അങ്ങനെ മലയാള സിനിമയ്ക്ക് ദേശീയ തലത്തിലും രാജ്യാന്തര തലത്തിലും മലയാളത്തിന് സ്ഥാനം നേടിക്കൊടുത്തു ...

ഇനിയും ഒട്ടേറെ ദൂരം മുന്നോട്ട് പോകേണ്ടതുണ്ട് . കാലത്തിനൊപ്പം ലോകത്തിനൊപ്പം സൗന്ദര്യ

ശാസ്ത്രപരമായി സഞ്ചരിക്കാനുണ്ട് . ഇതിനായി നമ്മുടെ സമൂഹത്തിൽ കുറച്ചു പേരെയെങ്കിലും പ്രാപ്തമാക്കുന്ന യത്നങ്ങളാണ് അനിവാര്യം .

ആ യത്നം കഷ്ടതകൾ സഹിച്ച് നിർവ്വഹിക്കുന്ന ഫിലിം സൊസൈറ്റി വക്താക്കളെ തിരിച്ചറിഞ്ഞ് , കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ , അർഹിക്കുന്ന പ്രാധാന്യത്തോടെ ഉൾപ്പെടുത്തേണ്ടത് അനിവാര്യതയാണ് . മികച്ച ഫിലിം സൊസൈറ്റികൾക്ക്  അർഹിക്കുന്ന ഗ്രാന്റും ചലച്ചിത്ര അവാർഡും ഏർപ്പെടുത്തേണ്ടതും അനിവാര്യമാണ് .



# ആരോഗ്യരക്ഷയുടെ മനുഷ്യപക്ഷം : ചലച്ചിത്രമേള

ലീലാമ്മ തോമസ് ബോട്സ്വാന (ഫിൽക്ക)



*വൈദ്യശുശ്രൂഷ മനുഷ്യനെ ഉയർത്തേണ്ടിടത്ത്, അവനെ കൂടുതൽ താഴ്ത്തുന്ന ഒരു വ്യവസ്ഥയാണ് പലപ്പോഴും പ്രവർത്തിക്കുന്നത്. ഇന്നത്തെ കാലത്ത് ഈ വൈരുധ്യങ്ങൾ ഇനി മങ്ങിയ ശബ്ദങ്ങളല്ല, അവ തുറന്ന മുറിവുകളായി നമ്മുടെ മുന്നിൽ നിൽക്കുന്നു.*

**ഫി**ൽക്ക ഫിലിം സൊസൈറ്റിയുടെ ജൂലൈ മാസത്തെ ഫിലിം ഫെസ്റ്റിവൽ പ്രമേയം " മെഡിക്കൽ എത്തിക്സ് " എന്നതാണ്. " വേദന " എന്ന പേരിൽ. വളരെ സാമൂഹിക പ്രസക്തമായ വിഷയം . ഇത് സംബന്ധിച്ച് മൂന്ന് ലോക ക്ലാസിക് സിനിമകളാണ് ഫിൽക്ക പ്രദർശിപ്പിക്കുന്നത്. അകിര കുറോസാവയുടെ റെഡ് ബിയാർഡ്. മിലോസ് ഫോർമാന്റെ വൺ ഫ്ലൂ ഓവർ

ദി കുക്കൂസ് നെസ്റ്റ്. ഇങ്മർ ബർഗ്മാന്റെ പേർസോണ.

ചലച്ചിത്രമേളയോടൊപ്പം വൈദ്യശാസ്ത്ര രംഗത്തെ പ്രഗത്ഭരുടെ  ചർച്ചയും ഒപ്പം കവിയരങ്ങും സംഘടിപ്പിക്കുന്നു. കവികൾ പ്രതികരിക്കാൻ തുടങ്ങട്ടെ. സമൂഹം ഉണരട്ടെ.

വൈദ്യശുശ്രൂഷ മനുഷ്യനെ ഉയർത്തേണ്ടിടത്ത്, അവനെ കൂടുതൽ താഴ്ത്തുന്ന ഒരു വ്യവസ്ഥയാണ് പലപ്പോഴും പ്രവർത്തിക്കുന്നത്.


ഇന്നത്തെ കാലത്ത് ഈ വൈരുധ്യങ്ങൾ ഇനി മങ്ങിയ ശബ്ദങ്ങളല്ല, അവ തുറന്ന മുറിവുകളായി നമ്മുടെ മുന്നിൽ നിൽക്കുന്നു. രോഗം ഇന്ന് വെറും വേദനയല്ല; അത് കണക്കുകൂട്ടലുകളുള്ള ഒരു വിപണിയായി മാറിയിരിക്കുന്നു.

ആരോഗ്യഭീതി മനുഷ്യന്റെ ഏറ്റവും നിസ്സഹായമായ നിമിഷത്തെ പിടിച്ചുകെട്ടുന്ന ശക്തിയാണ്. ആ നിമിഷം തന്നെയാണ് ചിലർ ലാഭത്തിന്റെ കച്ചവടമാക്കുന്നത്.

സോഷ്യൽ മീഡിയയും പരസ്യങ്ങളും രോഗത്തെ

ഭീഷണിയുടെ ഭാഷയിൽ പൊതിഞ്ഞ്, "ഇപ്പോൾ ചെയ്തില്ലെങ്കിൽ എല്ലാം തീരും" എന്ന അടിയന്തരഭയം മനസ്സിൽ കുത്തിനിറക്കുന്നു. ഭയം ഇവിടെ രോഗത്തേക്കാൾ വേഗത്തിൽ പടരുന്നു.

അനാവശ്യ പരിശോധനകൾ, ജീവിതകാലം മുഴുവൻ കഴിക്കേണ്ടിവരുമെന്ന ഭ്രമം സൃഷ്ടിക്കുന്ന മരുന്നുകൾ, ആരോഗ്യരക്ഷയുടെ പേരിൽ മനുഷ്യനെ കുടുക്കുന്ന ഇൻഷുറൻസ് വലകൾ ഇവയൊക്കെയാണ് ഇന്നത്തെ ചൂഷണത്തിന്റെ നവീകരിച്ച മുഖങ്ങൾ.



രോഗശാന്തിയല്ല ലക്ഷ്യം; രോഗിയെ സ്ഥിരം ഉപഭോക്താവാക്കി നിലനിർത്തലാണ്.

പാവപ്പെട്ടവന്റെ രോഗം പലപ്പോഴും ഒരു വൈദ്യപ്രശ്നമല്ല, കടബാധ്യതയുടെ തുടക്കമാണ്. ചികിത്സ തീർന്നാലും വേദന അവസാനിക്കുന്നില്ല; അത് ബില്ലുകളായി, വായ്പകളായി, ഉറക്കമില്ലായ്മയായി തുടരും.

ചിലർ ആശുപത്രി വിട്ടിറങ്ങുന്നത് സുഖപ്പെട്ട ശരീരവുമായി അല്ല, തകർന്ന മനസ്സുമായി,കണക്കുകളുടെ കുരുക്കിൽ ശ്വാസം മുട്ടിക്കൊണ്ട്. ഇവിടെ രോഗം ഒരാളെ മാത്രം തകർക്കുന്നില്ല; ഒരു കുടുംബത്തിന്റെ മുഴുവൻ ജീവിതമാണ് അതിന്റെ പിടിയിൽ അമർന്നുപോകുന്നത്.

ഇതിനൊപ്പം, രോഗിയെ ചോദ്യം ചെയ്യാൻ പോലും ഭയക്കുന്ന ഒരു സംസ്കാരവും വളരുന്നു. " ഡോക്ടർ പറഞ്ഞതല്ലേ" എന്ന വാചകം സംശയത്തിന്റെയും സംവാദത്തിന്റെയും എല്ലാ വാതിലുകളും അടയ്ക്കുന്നു. അറിവില്ലായ്മ ഇവിടെ അന്ധവിശ്വാസമായി മാറുന്നു; അറിവിന്റെ

അസമത്വം ഏറ്റവും ശക്തമായ ആയുധമായി മാറുന്നു.

രോഗി തന്റെ അവകാശങ്ങൾ പോലും അറിയാതെ, മൗനത്തിൽ ചൂഷണത്തിന് കീഴടങ്ങുന്നു,അവൻ രോഗിയായതുകൊണ്ട് മാത്രമല്ല, ബോധവാനല്ലെന്ന് കരുതപ്പെടുന്നതിനാലും.

എന്നാൽ, ഈ യാഥാർത്ഥ്യങ്ങളെ തുറന്നുപറയുന്നതുതന്നെ ഒരു പ്രതിരോധമാണ്. ചോദ്യങ്ങൾ ചോദിക്കുന്ന രോഗികൾ, മനുഷ്യത്വം മുൻനിർത്തി പ്രവർത്തിക്കുന്ന ആരോഗ്യപ്രവർത്തകർ, ലാഭത്തിനപ്പുറം സേവനം കാണുന്ന സ്ഥാപനങ്ങൾ,  ഇവ ഒന്നിച്ചുനിൽക്കുമ്പോഴാണ് ഈ ചൂഷണചക്രത്തിന് വേഗം കുറയുന്നത്.

ആരോഗ്യരക്ഷ ഒരു വ്യവസായം മാത്രമല്ലെന്ന ബോധം സമൂഹത്തിന്റെ നാഡികളിലേക്കു കടക്കണം.

അവസാനം, രോഗം മനുഷ്യനെ തളർത്തു മ്പോൾ ശുശ്രൂഷ അവനെ ഉയർത്തണം.

ചൂഷണം അവനെ ചുരുക്കുമ്പോൾ മനുഷ്യത്വം അവനെ ചേർത്ത് പിടിക്കണം.
മരുന്നുകൾ ശരീരത്തെ സുഖപ്പെടുത്താം, എന്നാൽ നീതി, കരുണ, സത്യസന്ധത, ഇവയാണ് ഒരു സമൂഹത്തിന്റെ ആത്മാവിനെ സുഖപ്പെടുത്തുന്നത്.

ശുശ്രൂഷ മനുഷ്യനായി തുടരുന്നിടത്തോളം, ഈ കാലത്തിന്റെ ചൂഷണത്തിനും ഒരു പരിധിയുണ്ടാകും.

വേദന, രോഗപീഡ, ശുശ്രുഷ , സാന്ത്വനം , മരുന്ന് മാഫിയ , ഹോസ്പിറ്റൽ കച്ചവടം , രോഗികളുടെ സാമ്പത്തിക നിസ്സഹായത, ദുരിതങ്ങൾ, സമകാലിക ആരോഗ്യ രക്ഷാ മേഖലയിലെ വൈരുധ്യങ്ങൾ, തുടങ്ങിയവ കവിതകളിൽ പ്രതിഫലിക്കട്ടെ.



# സാന്ത്വനത്തിന്റെ വൈവിധ്യങ്ങൾ ലോക സിനിമയിൽ

പി. എസ്. ജ്യോതിഷ്കുമാർ ( ഫിൽക്ക)



*യൂറോപ്യൻ ആർട്ട് സിനിമയിൽ സാന്ത്വനം കൂടുതൽ സൂക്ഷ്മവും തത്ത്വചിന്താപരവുമാണ്. ജീവിതത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമില്ലെന്ന തിരിച്ചറിവ് തന്നെ ചിലപ്പോൾ ആശ്വാസമായി മാറുന്നു.*

**സി**നിമ മനുഷ്യജീവിതത്തിന്റെ കണ്ണാടിയാണ്. മനുഷ്യന്റെ സന്തോഷവും ദുഃഖവും പ്രതീക്ഷയും നിരാശയും പോലെ തന്നെ സാന്ത്വനവും സിനിമയുടെ പ്രധാന പ്രമേയങ്ങളിലൊന്നാണ്. എന്നാൽ ലോകസിനിമയിൽ സാന്ത്വനം ഒരേ രീതിയിൽ അവതരിപ്പിക്കപ്പെടുന്നില്ല.

സംസ്കാരങ്ങളും ചരിത്രപരമായ അനുഭവങ്ങളും തത്ത്വചിന്തകളും സംവിധായകരുടെ

വ്യക്തിപരമായ കാഴ്ചപ്പാടുകളും അനുസരിച്ച് സാന്ത്വനത്തിന് വ്യത്യസ്ത രൂപങ്ങളും അർത്ഥങ്ങളും കൈവരുന്നു.



പാശ്ചാത്യ സിനിമകളിൽ സാന്ത്വനം പലപ്പോഴും വ്യക്തിയുടെ ആത്മവിജയത്തിലൂടെയോ പ്രതിസന്ധികളെ അതിജീവിക്കുന്നതിലൂടെയോ പ്രകടമാകുന്നു. ജീവിതത്തിലെ പരാജയങ്ങൾക്കുശേഷം ആത്മവിശ്വാസം വീണ്ടെടുക്കുന്ന കഥാപാത്രങ്ങളിലൂടെ പ്രത്യാശയുടെ സന്ദേശമാണ് ഇത്തരം സിനിമകൾ നൽകുന്നത്. ഇവിടെ സാന്ത്വനം എന്നത്

വിജയത്തിലേക്കുള്ള യാത്രയുടെ ഒരു ഘടകമായി മാറുന്നു.

യൂറോപ്യൻ ആർട്ട് സിനിമയിൽ സാന്ത്വനം കൂടുതൽ സൂക്ഷ്മവും തത്ത്വചിന്താപരവുമാണ്. ജീവിതത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമില്ലെന്ന തിരിച്ചറിവ് തന്നെ ചിലപ്പോൾ ആശ്വാസമായി മാറുന്നു. നിശ്ശബ്ദതയും പ്രകൃതിയും മനുഷ്യബന്ധങ്ങളിലെ ചെറിയ നിമിഷങ്ങളും കഥാപാത്രങ്ങളുടെ ആത്മപരിശോധനയും ചേർന്നാണ് സാന്ത്വനത്തിന്റെ അനുഭവം സൃഷ്ടിക്കപ്പെടുന്നത്. ദുഃഖം പൂർണമായി ഇല്ലാതാകുന്നില്ല; മറിച്ച് അതിനൊപ്പം ജീവിക്കാൻ മനുഷ്യൻ പഠിക്കുന്നതാണ് ഇവിടെ സാന്ത്വനം.

ജാപ്പനീസ് സിനിമകളിൽ കുടുംബബന്ധങ്ങളും തലമുറകൾ തമ്മിലുള്ള വൈകാരിക ബന്ധവുമാണ് സാന്ത്വനത്തിന്റെ പ്രധാന ഉറവിടം. ദൈനംദിന ജീവിതത്തിലെ ലളിതമായ സംഭവങ്ങൾ, കാലത്തിന്റെ ഒഴുക്ക്, വേർപാടുകളുടെ സ്വാഭാവികത എന്നിവയിലൂടെ ജീവിതത്തെ സ്വീകരിക്കാനുള്ള മനോഭാവം വളർത്തുകയാണ് ഇത്തരം സിനിമകൾ

ചെയ്യുന്നത്. നിശ്ശബ്ദതയ്ക്കും ഇടവേളകൾക്കും ഇവിടെ പ്രത്യേക പ്രാധാന്യമുണ്ട്.

ഇറാനിയൻ സിനിമകളിൽ പ്രതിസന്ധികൾക്കിടയിലും മനുഷ്യന്റെ നന്മയിലുള്ള വിശ്വാസമാണ് പ്രേക്ഷകന് ആശ്വാസം നൽകുന്നത്. കുട്ടികളുടെ ലോകം, സാധാരണ മനുഷ്യരുടെ പോരാട്ടങ്ങൾ, സാമൂഹിക നിയന്ത്രണങ്ങൾക്കിടയിലും നിലനിൽക്കുന്ന മാനവികത എന്നിവ സാന്ത്വനത്തിന്റെ പുതിയ തലങ്ങൾ തുറന്നുകാട്ടുന്നു. വലിയ സംഭവങ്ങളേക്കാൾ ചെറിയ മാനുഷിക പ്രവർത്തികൾക്കാണ് ഇവിടെ കൂടുതൽ പ്രാധാന്യം.



ലാറ്റിനമേരിക്കൻ സിനിമകളിൽ സാന്ത്വനം ഓർമ്മകളിലൂടെയും സമൂഹത്തിന്റെ കൂട്ടായ അനുഭവങ്ങളിലൂടെയും ആത്മീയമായ വിശ്വാസങ്ങളിലൂടെയും രൂപപ്പെടുന്നു. യാഥാർത്ഥ്യവും ഭാവനയും ഇടകലരുന്ന അവതരണരീതികൾ ജീവിതത്തിന്റെ കഠിന യാഥാർത്ഥ്യങ്ങൾക്കിടയിലും പ്രതീക്ഷയുടെ വെളിച്ചം കണ്ടെത്താൻ പ്രേക്ഷകനെ പ്രേരിപ്പിക്കുന്നു.

ഇന്ത്യൻ സിനിമയിൽ സാന്ത്വനം പല രൂപങ്ങളിലാണ് പ്രത്യക്ഷപ്പെടുന്നത്. കുടുംബബന്ധങ്ങൾ, പ്രണയം, ആത്മീയത, സൗഹൃദം, ത്യാഗം, സമൂഹത്തിന്റെ പിന്തുണ എന്നിവയിലൂടെ കഥാപാത്രങ്ങൾ ആശ്വാസം കണ്ടെത്തുന്നു. സമാന്തര സിനിമകൾ ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളെ കൂടുതൽ ആഴത്തിൽ പരിശോധിക്കുമ്പോൾ, മുഖ്യധാരാ സിനിമകൾ പ്രത്യാശയും വിജയവും മുൻനിർത്തി സാന്ത്വനത്തിന്റെ അനുഭവം സൃഷ്ടിക്കുന്നു.

മലയാള സിനിമയും സാന്ത്വനത്തിന്റെ വ്യത്യസ്ത ഭാവങ്ങൾ അവതരിപ്പിച്ചിട്ടുള്ള ഒരു സമ്പന്നമായ പാരമ്പര്യമുണ്ട്. മനുഷ്യബന്ധങ്ങളുടെ സങ്കീർണ്ണത,

കുടുംബത്തിന്റെ വൈകാരികത,
പ്രകൃതിയുമായുള്ള ആത്മബന്ധം,

നഷ്ടങ്ങളെ അംഗീകരിക്കുന്ന മനോഭാവം എന്നിവ മലയാള സിനിമയിൽ സാന്ത്വനത്തിന്റെ പ്രധാന ഘടകങ്ങളാണ്. ജീവിതത്തിലെ മുറിവുകൾക്ക് എല്ലായ്പ്പോഴും പരിഹാരമില്ലെങ്കിലും, അവയോടൊപ്പം മുന്നോട്ട് പോകാനുള്ള ശക്തിയാണ് പല സിനിമകളും പ്രേക്ഷകർക്ക് നൽകുന്നത്.

ലോകസിനിമയുടെ ചരിത്രം പരിശോധിക്കുമ്പോൾ സാന്ത്വനം ഒരു വികാരം മാത്രമല്ലെന്നും അത് ഒരു ദാർശനിക അനുഭവമാണെന്നും മനസ്സിലാക്കാം. ചില സിനിമകൾ പ്രത്യാശയിലൂടെ സാന്ത്വനം നൽകുമ്പോൾ, ചിലത് സത്യത്തെ നേരിടാനുള്ള ധൈര്യത്തിലൂടെയും മറ്റുചിലത് നിശ്ശബ്ദതയിലൂടെയും ഓർമ്മകളിലൂടെയും മാനുഷിക ബന്ധങ്ങളിലൂടെയും ആശ്വാസം പകരുന്നു. അതുകൊണ്ടുതന്നെ ലോകസിനിമയിലെ സാന്ത്വനത്തിന്റെ വൈവിധ്യങ്ങൾ മനുഷ്യജീവിതത്തിന്റെ വൈവിധ്യങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്.

അവസാനമായി പറയുകയാണെങ്കിൽ, ലോകസിനിമ നമ്മെ പഠിപ്പിക്കുന്നത് സാന്ത്വനം ഒരേയൊരു രൂപത്തിലോ ഒരേയൊരു ഉത്തരത്തിലോ ഒതുങ്ങുന്നതല്ല എന്നതാണ്. അത് ചിലപ്പോൾ ഒരു പുഞ്ചിരിയായും, ഒരു നിശ്ശബ്ദ നിമിഷമായും, ഒരു ഓർമ്മയായും, ഒരു യാത്രയായും, ഒരു നഷ്ടത്തെ അംഗീകരിക്കുന്ന മനസ്സായും നമ്മുടെ മുന്നിലെത്തുന്നു. ഈ വൈവിധ്യമാണ് ലോകസിനിമയെ സർവലൗകികവും കാലാതീതവുമാക്കുന്നത്.

സാന്ത്വനത്തിന്റെ വൈവിധ്യങ്ങൾ ലോക സിനിമയിൽ മനുഷ്യജീവിതത്തിലെ ഏറ്റവും തീവ്രമായ ഭാവങ്ങളിലൊന്നാണ് സാന്ത്വനം (Solace/Compassion). രോഗം, വാർധക്യം, ഏകാന്തത, മരണം തുടങ്ങിയ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന മനുഷ്യർക്ക് സ്നേഹത്തിന്റെയും പരിചരണത്തിന്റെയും കരുണയുടെയും സ്പർശം എങ്ങനെയാണ് ആശ്വാസമേകുന്നതെന്ന് ലോക സിനിമകൾ പലപ്പോഴായി അടയാളപ്പെടുത്തി യിട്ടുണ്ട്.

കേവലം ഒരു മെഡിക്കൽ പരിചരണമെന്നതി

നപ്പുറം, മനസ്സിനും ആത്മാവിനും നൽകുന്ന 'പാലിയേറ്റീവ്' (Palliative) അല്ലെങ്കിൽ സാന്ത്വനത്തിന്റെ വിവിധ തലങ്ങളെ ലോകസിനിമ എങ്ങനെയൊക്കെയാണ് സമീപിച്ചതെന്ന് പരിശോധിക്കുന്നത് ഏറെ അർത്ഥവത്താണ്.

അകിര കുറസാവയുടെ റെഡ് ബിയാർഡ്, ഇങ്മർ ബർഗ്മാന്റെ പേർസോണ , മിലൊഷ് ഫോർമാന്റെ വൺ ഫ്ലൂ ഓവർ ദി കുക്കൂസ് നെസ്റ്റ് എന്നീ ചിത്രങ്ങളിൽ സാന്ത്വനത്തിന്റെ, ശുശ്രൂഷയുടെ , വൈദ്യശാസ്ത്ര ധാർമ്മികതയുടെ വ്യത്യസ്ത അവസ്ഥകൾ അവതരിപ്പിക്കുന്നു. ഇവ ലോക സിനിമയുടെ ചരിത്രത്തിൽ ക്ലാസിക് സിനിമകളുമാണ്.

മറ്റ് ചില ശ്രദ്ധേയ സിനിമകൾ കൂടി സാന്ത്വനത്തിന്റെ വേറിട്ട സന്ദർഭങ്ങൾ പങ്ക് വെയ്ക്കുന്നു. വാർധക്യവും സ്നേഹത്തിന്റെ സാന്ത്വനവും: 'അമോർ' (Amour) ഫ്രഞ്ച് സംവിധായകനായ മൈക്കൽ ഹെനെക്കെയുടെ 'Amour' (2012) എന്ന ചിത്രം സാന്ത്വനത്തിന്റെ ഏറ്റവും തീവ്രവും യാഥാർത്ഥ്യബോധമുള്ളതുമായ മുഖമാണ് കാണിച്ചുതരുന്നത്.
വാർധക്യത്തിലെത്തിയ ഒരു ദമ്പതിമാരിൽ

ഭാര്യയ്ക്ക് പക്ഷാഘാതം (Stroke) വന്ന് ശരീരം തളരുമ്പോൾ, ഭർത്താവ് അവൾക്ക് നൽകുന്ന പരിചരണമാണ് ചിത്രത്തിന്റെ പ്രമേയം. ഇവിടെ സാന്ത്വനം എന്നത് ഒരു ബാധ്യതയല്ല, മറിച്ച് പതിറ്റാണ്ടുകൾ നീണ്ട പ്രണയത്തിന്റെ തുടർച്ചയാണ്.

മരണം മുന്നിൽ കാണുമ്പോഴും പരസ്പരം താങ്ങായി നിൽക്കുന്ന
ഒരു മനുഷ്യന്റെ നിശ്ശബ്ദമായ പോരാട്ടം ഈ ചിത്രം ഹൃദയസ്പർശിയായി അവതരിപ്പിക്കുന്നു.



**സൗഹൃദത്തിലൂടെയുള്ള ആശ്വാസം:**

'ദി ഇൻടച്ചബിൾസ്' (The Intouchables). ഫ്രഞ്ച് സിനിമയായ 'The Intouchables' (2011) സാന്ത്വനത്തിന് തികച്ചും വ്യത്യസ്തവും ഊർജ്ജസ്വലവുമായ ഒരു കാഴ്ചപ്പാട് നൽകുന്നു. കഴുത്തിന് താഴോട്ട് തളർന്നുപോയ ഒരു കോടീശ്വരനും അവനെ പരിചരിക്കാൻ എത്തുന്ന ഒരു ആഫ്രിക്കൻ യുവാവും തമ്മിലുള്ള സൗഹൃദമാണ് ഇതിന്റെ പശ്ചാത്തലം. പീഡിതനായ രോഗിയോട് സഹതാപത്തോടെയല്ല, മറിച്ച് ഒരു സാധാരണ സുഹൃത്തിനെപ്പോലെയാണ് ആ യുവാവ് പെരുമാറുന്നത്. അമിതമായ സഹതാപമല്ല, മറിച്ച് ജീവിതത്തിലേക്ക് തിരികെ നടത്താൻ പ്രേരിപ്പിക്കുന്ന സൗഹൃദവും തമാശകളുമാണ് പലപ്പോഴും വലിയ സാന്ത്വനമെന്ന് ഈ ചിത്രം ഓർമ്മിപ്പിക്കുന്നു.

**ജീവിതത്തിന്റെ അന്ത്യദിനങ്ങളിലെ മനോഹാരിത:**

'ഡിപ്പാർച്ചേഴ്സ്' (Departures).
ജാപ്പനീസ് ചിത്രമായ 'Departures' (2008) മരണത്തെയും അതിനുശേഷമുള്ള

സാന്ത്വനത്തെയുമാണ് കൈകാര്യം ചെയ്യുന്നത്. മരിച്ച ആളുകളുടെ ശവസംസ്കാര ചടങ്ങുകൾക്ക് മുന്നോടിയായി അവരുടെ ശരീരങ്ങൾ വൃത്തിയാക്കി, വസ്ത്രം ധരിപ്പിച്ച് അന്തസ്സോടെ യാത്രയാക്കുന്ന 'നുകുഷാഷി' (Nokanshishi) എന്ന

പരമ്പരാഗത ജോലിയിലേക്ക് അവിചാരിതമായി എത്തുന്ന ഒരു യുവാവിന്റെ കഥയാണിത്.

മരിച്ചവർക്കും അവരുടെ വേർപാടിൽ തകർന്നുപോകുന്ന ബന്ധുക്കൾക്കും ആ ചടങ്ങിലൂടെ ലഭിക്കുന്ന സാന്ത്വനം സിനിമ അതീവ മനോഹരമായി ദൃശ്യവൽക്കരിച്ചിരിക്കുന്നു. മരണം ഒരു അവസാനമല്ല, മറിച്ച് ആദരവോടെയുള്ള ഒരു യാത്രയയപ്പാണെന്ന ബോധ്യം ഇത് നൽകുന്നു.

**കുട്ടിക്കാലവും നിഷ്കളങ്കമായ ആശ്വാസങ്ങളും:**

'മിറായ്' (Mirai) / 'ദി ക്യൂർ' (The Cure). ഹോളിവുഡ് ചിത്രമായ 'The Cure' (1995) എയ്ഡ്സ് ബാധിച്ച ഒരു ചെറിയ കുട്ടിയും അവന്റെ കൂട്ടുകാരനും തമ്മിലുള്ള ആത്മബന്ധത്തിന്റെ കഥയാണ്. ലോകം മാറ്റിനിർത്തുമ്പോഴും കൂട്ടുകാരന്റെ രോഗത്തിന് മരുന്ന് കണ്ടുപിടിക്കാൻ

ഇറങ്ങിപ്പുറപ്പെടുന്ന മറ്റൊരു കുട്ടിയുടെ നിഷ്കളങ്കതയാണ് ഇതിലെ സാന്ത്വനം. മെഡിക്കൽ സയൻസിനേക്കാൾ വേഗത്തിൽ ഒരു രോഗിയെ സുഖപ്പെടുത്താൻ സ്നേഹത്തിന് കഴിയുമെന്ന് ഈ സിനിമ വ്യക്തമാക്കുന്നു. ലോകസിനിമകളിൽ സാന്ത്വനം എന്നത് വെറുമൊരു വീൽചെയറിലോ ആശുപത്രി കിടക്കയിലോ ഒതുങ്ങുന്നില്ല. അത് വാക്കുകളിലൂടെയോ, ഒരു പുഞ്ചിരിയിലൂടെയോ, അല്ലെങ്കിൽ കൂടെയുണ്ട് എന്ന ഉറപ്പിലൂടെയോ പ്രകടിപ്പിക്കപ്പെടുന്ന ഒരു വലിയ മാനവിക മൂല്യമാണ്.



# വൺ ഫ്ലൂ ഓവർ ദി കുക്കൂസ് നെസ്റ്റ്



ഷാജി. എ (ഹിൽക്ക)



*സിനിമ ആരംഭിക്കുന്നതും അവസാനിക്കുന്നതും ജാക്ക് നിറ്റ്ഷെയുടെ സംഗീതത്തോടെയാണ് . ചിത്രത്തിന്റെ തീവ്രഭാവം സംഗീതത്തിലേക്ക് വ്യാപിക്കുകയും, ചിലപ്പോൾ അത് ഹൃദയത്തിൽ അസ്വസ്ഥതയുളവാക്കുകയും ചെയ്യുന്നുണ്ട്.*

**കെ**ൻ കെസിയുടെ  നോവലിനെ അടിസ്ഥാനമാക്കി മിലോസ് ഫോർമാൻ സംവിധാനം ചെയ്ത്  1975ൽ പുറത്തിറങ്ങിയ ഒരു മാസ്റ്റർപീസ് അമേരിക്കൻ സൈക്കോളജിക്കൽ ഡ്രാമ ചിത്രമാണ് വൺ ഫ്ലൂ ഓവർ ദി കുക്കൂസ് നെസ്റ്റ് (One Flew Over the Cuckoo's Nest). മികച്ച സാഹിത്യകൃതികളിൽനിന്ന് മികച്ച സിനിമകൾ ഉണ്ടാകുന്നു. 'വൺ ഫ്ലൂ ഓവർ ദി

കുക്കൂസ് നെസ്റ്റ്" എന്ന  നോവൽ സാഹിത്യലോകത്തുണ്ടാക്കിയ ചലനത്തിനപ്പുറം 'വൺ ഫ്ലൂ ഓവർ ദി കുക്കൂസ് നെസ്റ്റ് ' എന്ന  സിനിമ ലോകസിനിമാചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടുകയും പ്രേക്ഷകപ്രശംസകൊണ്ട് ഇന്നും ശ്രദ്ധേയമായി  നിലനിൽക്കുകയും ചെയ്യുന്നു.

1962-ൽ പ്രസിദ്ധീകരിച്ച കെൻ കെസിയുടെ 'വൺ ഫ്ലൂ ഓവർ ദി കുക്കൂസ് നെസ്റ്റ്"എന്ന നോവൽ സ്ഥാപനവൽക്കരണത്തിന്റെ അടിച്ചമർത്തലും വ്യക്തിസ്വാതന്ത്ര്യത്തിനായുള്ള പോരാട്ടവും വരച്ചുകാട്ടുന്നു.

ഒരു മാനസികരോഗാശുപത്രിയിൽ നടക്കുന്ന കഥ, മനസ്സിന്റെ ശാന്തത, അധികാരം, സാമൂഹിക പൊരുത്തക്കേടുകളുടെ അനന്തരഫലങ്ങൾ എന്നീ വിഷയങ്ങളിലേക്ക് ആഴ്ന്നിറങ്ങുന്നു. കെസിയുടെ ആഖ്യാനം പരമ്പരാഗത മാനദണ്ഡങ്ങളെ വെല്ലുവിളിക്കുകയും, ഭ്രാന്തിന്റെ നിർവചനത്തെ ചോദ്യം ചെയ്യുകയും ചെയ്യുന്നു.
മനസ്സിന്റെ ശാന്തതയും ഭ്രാന്തും, നിർണ്ണയിക്കാൻ ആർക്കാണ് അധികാരമെന്ന് ചിന്തിക്കാൻ നോവൽ വായനക്കാരെ ക്ഷണിക്കുന്നു.



നിയമങ്ങളിൽ നിന്ന് രക്ഷപ്പെടാൻ താൻ മാനസികരോഗിയാണെന്ന് അഭിനയിച്ച് ഒറിഗോൺ സൈക്യാട്രിക് ഹോസ്പിറ്റലിൽ പ്രവേശിക്കുന്ന റാൻഡൽ പാട്രിക് മക്മർഫിയാണ് സിനിമയിലെ കേന്ദ്രകഥാപാത്രം. ജാക്ക് നിക്കോൾസൺ ആണ് ഈ കഥാപാത്രത്തെ അനശ്വരമാക്കിയത്.

കർശനമായ നിയമങ്ങളിലൂടെയും, ക്രൂരമായ ശിക്ഷാനടപടികളിലൂടെയും രോഗികളെ ഭയപ്പെടുത്തി വരുതിയിൽ നിർത്തുന്ന സൈക്യാട്രിക് ഹോസ്പിറ്റലിലെ നഴ്സ് റാച്ചഡ് ആണ് പ്രതിനായിക . ലൂയിസ് ഫ്ലെച്ചറാണ് ഈ കഥാപാത്രത്തെ അവതരിപ്പിച്ചത് .

മറ്റ് രോഗികളിൽ- ചെറുപ്പക്കാരനും ഉത്കണ്ഠാകുലനും വിക്കനുമായ ബില്ലി ബിബിറ്റ്, കോപത്തിന് സാധ്യതയുള്ള ചാർലി ചെസ്വിക്ക്, ഭ്രമാത്മകനും കുട്ടിയെപ്പോലെയുള്ളവനുമായ മാർട്ടിനി, വാചാലനും അടിച്ചമർത്തപ്പെട്ടവനുമായ ഡെയ്ൽ ഹാർഡിംഗ്,  യുദ്ധപ്രിയനും ദൈവനിഷേധിയുമായ മാക്സ് ടാബർ, അപസ്മാരരോഗികളായ ജിം സെഫെൽറ്റ്, ബ്രൂസ് ഫ്രെഡ്രിക്സൺ, ശാന്തനെങ്കിലും അക്രമാസക്തനായ സ്കാൻലോൺ, ഉയരമുള്ള, ബധിരനും മൂകനുമായ തദ്ദേശീയ അമേരിക്കൻ ചീഫ് ബ്രോംഡൻ, കൂടാതെ വിട്ടുമാറാത്ത രോഗങ്ങളുള്ളവർ  ഈ ചികിത്സാലയത്തിലുണ്ട്.



മക്മർഫി അവിടുത്തെ രോഗികളുമായി

വേഗത്തിൽ സൗഹൃദത്തിലാകുന്നു. ചീഫ് ബ്രോംഡൻ എന്ന സംസാരിക്കാത്ത, ഭീമാകാരനായ റെഡ് ഇന്ത്യൻ വംശജൻ മക്മർഫിയുടെ അടുത്ത സുഹൃത്താകുന്നത് സിനിമയുടെ കഥാതന്തുവിനെ വികസിപ്പിക്കുന്നു.

മക്മർഫിയുടെ സജീവസാന്നിധ്യം തന്റെ അധികാരത്തിന് ഭീഷണിയായി നേഴ്സ് റാച്ചഡ് കാണുന്നു . രോഗികളുടെ സിഗരറ്റുകൾ കണ്ടുകെട്ടിച്ചും അവരുടെ കാർഡ് പ്ലേയിംഗ് ആനുകൂല്യങ്ങൾ താൽക്കാലികമായി നിർത്തിവയ്പ്പിച്ചും അവൾ പ്രതികരിക്കുന്നു.

ആശുപത്രിയിലെ മറ്റ് അന്താവാസികളെ ചിരിക്കാനും കളിക്കാനും പ്രേരിപ്പിക്കുന്നതിലൂടെ മക്മർഫി ആശുപത്രിയിലെ അന്തേവാസികളുടെ പ്രിയമിത്രമായി മാറി.

രോഗികൾക്കായി വേൾഡ് സീരീസ് ബേസ്ബോൾ മത്സരം ടിവിയിൽ കാണാൻ അവൻ അനുവാദം ചോദിക്കുന്നതും അനുവാദം നിഷേധിച്ചപ്പോൾ, അണഞ്ഞുപോയ ടിവി സ്ക്രീനിലേക്ക് നോക്കി ആവേശത്തോടെ കമന്ററി പറഞ്ഞ് അവൻ

രോഗികളെ സന്തോഷിപ്പിക്കുന്നതും ഹൃദയസ്പൃക്കായ രംഗമാണ്.

രോഗികളെയും കൂട്ടി അവൻ ആശുപത്രിക്ക് പുറത്ത് ഒരു രഹസ്യ മീൻപിടുത്തയാത്ര സംഘടിപ്പിക്കുകയും അത് രോഗികളിൽ നഷ്ടപ്പെട്ടുപോയ ആത്മവിശ്വാസവും ജീവിതത്തോടുള്ള ആവേശവും തിരികെ കൊണ്ടുവരാൻ സഹായിക്കുകയും ചെയ്യുന്നുണ്ട്.

ഒരു രാത്രി മക്മർഫി തന്റെ സുഹൃത്തുക്കൾക്കായി രഹസ്യമായി ഒരു പാർട്ടി നടത്തുന്നത് ഈ ചലച്ചിത്രത്തിന്റെ ഗതിയെ ആകെ മാറ്റിമറിക്കുന്നു.

പാർട്ടിക്കായി മദ്യക്കുപ്പികൾ കൊണ്ടുവന്ന കാൻഡിയെയും അവളുടെ സുഹൃത്ത് റോസിനെയും മക്മർഫി വാർഡിലേക്ക് ഒളിച്ചു കടത്തുന്നതും  ക്രമസമാധാനപാലകനായ ടർക്കളിന് കൈക്കൂലി നൽകുന്നതും, ബില്ലിയെ അവരോടൊപ്പം വരാൻ ക്ഷണിച്ചുകൊണ്ട് മക്മർഫിയും ചീഫും രക്ഷപ്പെടാൻ ശ്രമിക്കുന്നതും, ബില്ലി കാൻഡിയുമായി ഒരു "ഡേറ്റ്" ചോദിക്കുന്നതും,  മക്മർഫിയും

മറ്റുള്ളവരും മദ്യപിക്കുന്നതും, ആ പാർട്ടിക്ക് ശേഷം മക്മർഫി ഉറങ്ങിപ്പോകുന്നതുമെല്ലാം സിനിമയുടെ തീവ്രാനുഭവത്തിന്റെ വികാരവിക്ഷുബ്ധതയിലേയ്ക്ക് പ്രേക്ഷകനെ കൊണ്ടുപോകുന്ന രംഗങ്ങളാണ്.

അടുത്ത ദിവസം രാവിലെ നേഴ്സ് റാച്ചഡ് ഇത് കണ്ടുപിടിക്കുന്നതും ബില്ലി എന്ന യുവാവിനെ അവന്റെ "അമ്മയോട് പറയും" എന്ന് പറഞ്ഞ് അവർ ഭീഷണിപ്പെടുത്തുന്നതും, ഭയം കാരണം ബില്ലി ആത്മഹത്യ ചെയ്യുന്നതും സിനിമയെ ക്ലൈമാക്സിലെത്തിക്കുന്നു.

ബില്ലിയുടെ മരണത്തിന് കാരണം നഴ്സ് റാച്ചഡ് ആണെന്ന് മനസ്സിലാക്കിയ മക്മർഫി കടുത്ത ദേഷ്യത്തോടെ അവരെ കഴുത്ത് ഞെരിച്ച് കൊല്ലാൻ ശ്രമിക്കുന്നു. പക്ഷേ അവർ ഗാർഡുകളാൽ രക്ഷപ്പെടുന്നു.

ഈ സംഭവത്തിന് ശേഷം അധികൃതർ മക്മർഫിയെ കടുത്ത ശിക്ഷയ്ക്ക് വിധേയനാക്കുന്നതോടെ ദാരുണമായ അന്ത്യത്തിലേയ്ക്ക് സിനിമ കടക്കുന്നു . മക്മർഫിയുടെ തലച്ചോറിലെ ചിന്താശേഷിയെ

നശിപ്പിക്കുന്ന 'ലോബോട്ടമി' (Lobotomy) എന്ന ശസ്ത്രക്രിയയ്ക്ക് റാച്ചഡ് അവനെ വിധേയനാക്കുന്നു. ഇതോടെ മക്മർഫി ഒരു ജീവച്ഛവമായി മാറുന്നു.

തന്റെ സുഹൃത്ത് ഇങ്ങനെ ഒരു അവസ്ഥയിൽ ജീവിക്കുന്നത് കാണാൻ ആഗ്രഹിക്കാത്ത ചീഫ് ബ്രോംഡൻ, ആത്മവേദന ഉള്ളിലൊതുക്കി മക്മർഫിയെ ഒരു തലയിണ ഉപയോഗിച്ച് ശ്വാസം മുട്ടിച്ച് വേദനകളിൽ നിന്ന് മോചിപ്പിക്കുന്നു (ദയാവധം).

തുടർന്ന്, മുൻപ് മക്മർഫിക്ക് ഉയർത്താൻ കഴിയാതിരുന്ന ഒരു വലിയ ഹൈഡ്രോതെറാപ്പി മാർബിൾ ടാങ്ക് , ചീഫ് ബ്രോംഡൻ തന്റെ അമാനുഷിക കരുത്തോടെ എടുത്തുയർത്തി ജനൽചില്ലുകൾ തകർക്കുകയും ആ ജനലിലൂടെ പുറത്തുചാടി സ്വതന്ത്രലോകത്തേയ്ക്ക് ഓടി രക്ഷപ്പെടുകയും ചെയ്യുന്നു.

മക്മർഫി മരിച്ചെങ്കിലും, അവൻ അവിടുത്തെ രോഗികളിൽ വിതച്ച സ്വാതന്ത്ര്യത്തിന്റെ വിത്ത് ചീഫ് ബ്രോംഡന്റെ രക്ഷപ്പെടലിലൂടെ വിജയം കാണുന്നിടത്താണ് സിനിമ അവസാനിക്കുന്നത്.

സിനിമ ആരംഭിക്കുന്നതും അവസാനിക്കുന്നതും ജാക്ക് നിറ്റ്ഷെയുടെ സംഗീതത്തോടെയാണ് . ചിത്രത്തിന്റെ തീവ്രഭാവം സംഗീതത്തിലേക്ക് വ്യാപിക്കുകയും, ചിലപ്പോൾ അത് ഹൃദയത്തിൽ അസ്വസ്ഥതയുളവാക്കുകയും ചെയ്യുന്നുണ്ട്.

1975 നവംബർ 19-ന് പുറത്തിറങ്ങിയ'വൺ ഫ്ലൂ ഓവർ ദി കുക്കൂസ് നെസ്റ്റ്' എന്ന ചിത്രത്തിനും



ഒപ്പം അഭിനേതാക്കളായ ജാക്ക് നിക്കോൾസൺ - റാൻഡൽ പാട്രിക് മക്മർഫി, ലൂയിസ് ഫ്ലെച്ചർ - നഴ്സ് റാച്ചഡ് , കൂടാതെ ഡാനി ഡിവിറ്റോ (മാർട്ടിനി), വിൽ സാംപ്സൺ (ചീഫ് ബ്രോംഡൻ)

ബ്രാഡ് ഡൗറിഫ് എന്നിവർക്കും മികച്ചപ്രകടനത്തിന് വ്യാപകമായ നിരൂപക പ്രശംസയാണ് ലഭിച്ചത്.

48 - പോലും മത് ഓസ്കാർ ചടങ്ങിൽ ഈ ചിത്രം "ബിഗ് ഫൈവ്" അക്കാദമി അവാർഡുകൾ നേടി. പിജാക്ക് നിക്കോൾസൺ- മികച്ച നടൻ, ലൂയിസ് ഫ്ലെച്ചർ - മികച്ച നടി, ഫോർമാൻ - മികച്ച സംവിധായകൻ, മികച്ച ചിത്രം, മികച്ച അഡാപ്റ്റഡ് തിരക്കഥ - ലോറൻസ് ഹൗബൻ, ബോ ഗോൾഡ്മാൻ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

1993-ൽ, യുണൈറ്റഡ് സ്റ്റേറ്റ്സ് ലൈബ്രറി ഓഫ് കോൺഗ്രസ് ഈ ചിത്രത്തെ 'സാംസ്കാരികമായും, ചരിത്രപരമായും, സൗന്ദര്യാത്മകമായും പ്രാധാന്യമുള്ളതായി' കണക്കാക്കുകയും  നാഷണൽ ഫിലിം രജിസ്ട്രിയിൽ സംരക്ഷണത്തിനായി തിരഞ്ഞെടുക്കുകയും ചെയ്തു. അഞ്ച് അക്കാദമി അവാർഡിന്റെ തിളക്കം ഇന്നും നഷ്ടപ്പെടാതെ കാക്കുന്ന 'വൺ ഫ്ലൂ ഓവർ ദി കുക്കൂസ് നെസ്റ്റ്' സിനിമ എക്കാലത്തും സിനിമാപ്രേമികൾക്ക് ഹൃദയവിരുന്നൊരുക്കും എന്നതിൽ തർക്കമില്ല.

# മിലോഷ് ഫോർമൻ: ചെക്ക് ന്യൂ വേവിന്റെ അമരശില്പി



നിമിഷ ഹെലൻ (ഫിൽക്ക)

*യുദ്ധവും നാസി ഭീകരതകളും അനാഥത്വവും കൊണ്ട് നിറഞ്ഞ ബാല്യത്തിൽ നിന്നുള്ള ഉയർത്തെഴുന്നേൽപ്പായിരുന്നു അദ്ദേഹത്തിന് കലയും സിനിമയും സാഹിത്യവുമെല്ലാം.*

**ചെ**ക്ക്-അമേരിക്കൻ ചലച്ചിത്ര സംവിധായകനായ മിലോഷ് ഫോർമൻ സിനിമാലോകത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭയാണ്. 1932 ഫെബ്രുവരി 18-ന് അന്നത്തെ ചെക്കോസ്ലോവാക്യയിലെ ചാസ്ലാവ് എന്ന ചെറിയ പട്ടണത്തിലാണ് അദ്ദേഹത്തിന്റെ ജനനം.

ബാല്യത്തിൽത്തന്നെ ജീവിതം അദ്ദേഹത്തെ കഠിനമായി പരീക്ഷിച്ചു. നാസി അധിനിവേശകാലത്ത് വളർത്തച്ഛൻ റുഡോൾഫ്

ഫോർമൻ കോൺസൻട്രേഷൻ ക്യാമ്പിൽ മരിക്കുകയും അമ്മ അന്ന ഓഷ്‌വിറ്റ്സ് കോൺസൻട്രേഷൻ ക്യാമ്പിൽ കൊല്ലപ്പെടുകയും ചെയ്തു. തുടർന്ന് ബന്ധുക്കളുടെയും കുടുംബസുഹൃത്തുക്കളുടെയും സംരക്ഷണത്തിലാണ് അദ്ദേഹം വളർന്നത്.

ചെറുപ്പം മുതൽ നാടകത്തോടും കലയോടും താൽപര്യം പ്രകടിപ്പിച്ച മിലോഷ്, പ്രാഗിലെ അക്കാദമി ഓഫ് പെർഫോർമിംഗ് ആർട്സിൽ തിരക്കഥാരചന പഠിച്ചു. പിന്നീട് യഥാർഥ ജീവിതത്തോട് ചേർന്ന കഥപറച്ചിലും സാമൂഹിക-രാഷ്ട്രീയ വിമർശനവും സാധാരണ മനുഷ്യരുടെ ജീവിതാനുഭവങ്ങളും പ്രമേയമാക്കിയ ചെക്ക് ന്യൂ വേവ് സിനിമാ പ്രസ്ഥാനത്തിലെ പ്രധാന ശബ്ദമായി അദ്ദേഹം മാറി.

1967-ൽ പുറത്തിറങ്ങിയ The Firemen's Ball കമ്മ്യൂണിസ്റ്റ് ഭരണകൂടത്തെ ആക്ഷേപഹാസ്യത്തിലൂടെ വിമർശിച്ച ചിത്രമായി വിലയിരുത്തപ്പെട്ടു. ആദ്യം പ്രദർശിപ്പിച്ചെങ്കിലും പിന്നീട് ചിത്രം നിരോധിക്കപ്പെട്ടു. അതേത്തുടർന്ന് അമേരിക്കയിലേക്ക് കുടിയേറിയ ഫോർമൻ അവിടെയാണ് തന്റെ ചലച്ചിത്ര ജീവിതത്തിന്റെ

പുതിയ അധ്യായം തുടങ്ങിയത്.



1975-ൽ പുറത്തിറങ്ങിയ One Flew Over the Cuckoo's Nest ലോകസിനിമയുടെ ചരിത്രം മാറ്റിമറിച്ച ചിത്രമായി മാറി. മികച്ച ചിത്രം, മികച്ച സംവിധായകൻ, മികച്ച നടൻ, മികച്ച നടി, മികച്ച അവലംബിത തിരക്കഥ എന്നീ അഞ്ച് പ്രധാന ഓസ്കറുകളും ഒരുമിച്ച് നേടിയ ഈ ചിത്രം ലോകസിനിമയിലെ എക്കാലത്തെയും മികച്ച ക്ലാസിക്കുകളിൽ ഒന്നായി വിലയിരുത്തപ്പെടുന്നു.

ജയിലിലെ കഠിനാധ്വാനത്തിൽ നിന്ന് രക്ഷപ്പെടാൻ മാനസികാരോഗ്യ ആശുപത്രിയിൽ പ്രവേശിക്കുന്ന റാൻഡൽ പി. മക്മർഫി എന്ന തടവുകാരനും

രോഗികളെ കർശനമായ നിയമങ്ങളിലൂടെ നിയന്ത്രിക്കുന്ന നഴ്സ് റാച്ചഡും തമ്മിലുള്ള ആശയപരമായ സംഘർഷമാണ് ചിത്രത്തിന്റെ പ്രമേയം.

ഒൻപത് വർഷങ്ങൾക്ക് ശേഷം പുറത്തിറങ്ങിയ Amadeus എന്ന ചിത്രത്തിലൂടെ ഫോർമൻ വീണ്ടും മികച്ച സംവിധായകനുള്ള അക്കാദമി അവാർഡ് നേടി. രണ്ട് തവണ മികച്ച സംവിധായകനുള്ള ഓസ്കർ നേടിയ ലോകത്തിലെ ശ്രദ്ധേയരായ സംവിധായകരിൽ ഒരാളായി അദ്ദേഹം മാറി.



ഓസ്കറുകൾക്ക് പുറമെ ബാഫ്റ്റ, ഗോൾഡൻ ഗ്ലോബ്, ഗോൾഡൻ ബെയർ, സീസർ, ചെക്ക് ലയൺ തുടങ്ങി നിരവധി അന്താരാഷ്ട്ര

ബഹുമതികളും അദ്ദേഹത്തെ തേടിയെത്തി. കാൻസ്, വെനീസ് അന്താരാഷ്ട്ര ചലച്ചിത്രമേളകളുടെ ജൂറി അധ്യക്ഷനായും അദ്ദേഹം പ്രവർത്തിച്ചു. അമേരിക്കയിലെ കൊളംബിയ സർവകലാശാലയിൽ ചലച്ചിത്ര പഠനവിഭാഗത്തിലെ പ്രൊഫസർ എമെറിറ്റസ് എന്ന ബഹുമതിയും അദ്ദേഹത്തിന് ലഭിച്ചു.

1994-ൽ തന്റെ ആത്മകഥയായ Turn around പ്രസിദ്ധീകരിച്ചു. 1996-ൽ കണ്ടെത്തിയ ഒരു ഛിന്നഗ്രഹത്തിന് "11333 Forman" എന്ന പേര് അദ്ദേഹത്തോടുള്ള ആദരസൂചകമായി നൽകിയതാണ് . 2018 ഏപ്രിൽ 13-ന്, 86-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു.

യുദ്ധവും നാസി ഭീകരതകളും അനാഥത്വവും കൊണ്ട് നിറഞ്ഞ ബാല്യത്തിൽ നിന്നുള്ള ഉയർത്തെഴുന്നേൽപ്പായിരുന്നു അദ്ദേഹത്തിന് കലയും സിനിമയും സാഹിത്യവുമെല്ലാം.

ജീവിതത്തിലെ ദുരന്തങ്ങളെ സർഗാത്മകതയുടെ ശക്തിയാക്കി മാറ്റിയ മിലോഷ് ഫോർമൻ ഇന്നും ലോകസിനിമയുടെ ചരിത്രത്തിൽ മായാത്ത സാന്നിധ്യമാണ്.




# പേഴ്സോണ

വിനോദ് കുമാർ പി
(ഫിൽക്ക)

*രണ്ട് സ്ത്രീ കഥാപാത്രങ്ങളിലൂടെ പരസ്പര പൂരകങ്ങളായ അവസ്ഥകളെ ചിത്രീകരിക്കുന്നതിലൂടെ മനുഷ്യന്റെ തീരുമാനങ്ങളിലെ അർത്ഥമില്ലായ്മയെയും അവയുടെ തലങ്ങളെയും കുറിച്ച് ചർച്ചചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നു.*

**സി**നിമാറ്റിക് മാസ്റ്റർപീസുകളുടെ സൂത്രധാരൻ എന്നറിയപ്പെടുന്ന ഇംഗ്മർ ബെർഗ്മാന്റെ സംവിധാനത്തിൽ 1966-ൽ പുറത്തിറങ്ങിയ ഒരു സ്വീഡിഷ് ചലച്ചിത്രമാണ് പേഴ്സോണ.

സംസാരശേഷി നഷ്ടപ്പെട്ട ഒരു നടിയുടെ പരിചരണ ചുമതല ഒരു നഴ്സ് ഏറ്റെടുക്കുന്നതും ക്രമേണ, അവരുടെ വ്യക്തിത്വങ്ങൾ തമ്മിൽ ഒന്നായി മാറുന്നതുമാണ് ഈ ചിത്രത്തിന്റെ പ്രമേയം.

കാൾ യുങ്ങിന്റെ മനഃശാസ്ത്ര വിശകലനങ്ങളിൽ ഒന്നാണ് പേഴ്സോണ. ഒരാളുടെ വ്യക്തിത്വത്തിൽ പലവിധ ആഘാതങ്ങളാൽ മറ്റൊരു വ്യക്തിത്വം രൂപപ്പെടുന്നു. അത് അഗാധമായ നിശബ്ദതയിൽ എത്തിക്കുന്നു. ഈ രണ്ടാമത്തെ വ്യക്തിത്വം യഥാർത്ഥ വ്യക്തിത്വത്തെ കീഴ്പ്പെടുത്തുന്നു.

ഗർഭധാരണം സംബന്ധിച്ച ഒരു പ്രശ്നമാണ് എലിസബത്ത്  അനുഭവിച്ചത്. ഗർഭച്ഛിദ്രത്തിന് അവൾ തയ്യാറാവുന്നു. പക്ഷെ  ആ ഉദ്യമം വിജയിച്ചില്ല. അവൾ ഒരു കുഞ്ഞിനെ പ്രസവിക്കുന്നു. കുഞ്ഞ് മരണപ്പെട്ടതായി അവൾ വിശ്വസിക്കുന്നു.

എന്നാൽ ആ കുഞ്ഞ് രക്ഷിക്കപ്പെടുന്നു. മിസ്റ്റർ വോഗ്ലർ കുഞ്ഞിനെ വളർത്തുന്നത് എലിസബത്ത് അറിയുന്നില്ല.

മകൻ വളർന്നു. അവൻ തന്റെ അമ്മയ്ക്ക് മാനസികമായി  എന്തു സംഭവിച്ചു എന്ന് അന്വേഷിക്കുന്ന രംഗമാണ് സിനിമയുടെ തുടക്കവും ഒടുക്കവും .

ഒരു സ്റ്റേജ് പ്രോഗ്രാമിനിടെ സംസാരശേഷി

നഷ്ടപ്പെട്ട എലിസബത്ത് വോഗ്ലെർ എന്ന നടി ചികിത്സയിലാണ്. എലിസബത്തിന്റെ പരിചരണ ചുമതല ഡോക്ടർ അൽമ എന്ന യുവനഴ്സിനെ ഏൽപ്പിക്കുന്നു.



രോഗനിർണയത്തിൽ വൈകല്യമില്ലെന്ന് കണ്ടെത്തിയ ഡോക്ടർ എലിസബത്തിന്റെ മാനസികാരോഗ്യം മെച്ചപ്പെടുത്തുക വഴി സംസാരശേഷി വീണ്ടെടുക്കുവാൻ അവളെ ചികിത്സയുടെ ഭാഗമായി അൽമയോടൊപ്പം തന്റെ കടൽത്തീര കോട്ടേജിലേക്ക് അയക്കുന്നു.

കോട്ടേജിൽ വച്ച് എലിസബത്തിന്റെ നിശബ്ദത തകർക്കാൻ അൽമ നിരന്തരം ശ്രമിക്കുന്നു. അൽമ അവൾ വായിക്കുന്ന പുസ്തകങ്ങളെക്കുറിച്ചും സ്വന്തം ഉത്കണ്ഠകളെക്കുറിച്ചും തന്റെ പ്രതിശ്രുത വരൻ കാൾ-ഹെൻറിയുമായുള്ള ബന്ധത്തെക്കുറിച്ചും കൂടുതലായി സംസാരിക്കുന്നു. അതോടൊപ്പം അൽമ നിരന്തരം അവളെ എലിസബത്തുമായി താരതമ്യം ചെയ്യുകയും അവളുമായി അടുപ്പം വളർത്തുകയും ചെയ്യുന്നു. അവളുടെ എല്ലാ രഹസ്യങ്ങളും എലിസബത്തിനോട് പറയുന്നു.

എലിസബത്ത് എഴുതിയ കത്തുകൾ അൽമ വായിക്കുന്നു. കത്തുകളിൽ നിന്ന് എലിസബത്ത് തന്നെ വിശകലനം ചെയ്യുകയും പഠിക്കുകയും ചെയ്യുന്നുണ്ടെന്ന് അൽമ കണ്ടെത്തുന്നു.

തുടർന്ന് അൽമ എലിസബത്തിനോട് സംസാരിക്കാൻ അപേക്ഷിക്കുന്നു. എന്നാൽ അവൾ പ്രതികരിക്കാത്തപ്പോൾ കോപാകുലയാവുന്ന അൽമ അവളെ ആക്രമിക്കാൻ ശ്രമിക്കുന്നു. എന്നാൽ തുടർന്നുള്ള വഴക്കിനിടെ എലിസബത്ത് അൽമയെ

അടിക്കുകയും അൽമയുടെ മൂക്കിൽ നിന്ന് രക്തസ്രാവം ഉണ്ടാകുകയും ചെയ്യുന്നു.



ആ രാത്രിയിൽ, എലിസബത്ത് ഉറങ്ങുന്നത് അൽമ നിരീക്ഷിക്കുന്നു, അവളുടെ മുഖവും മേക്കപ്പ് കൊണ്ട് മറച്ച പാടുകളും വിശകലനം ചെയ്യുന്നു. ആ സമയത്ത് വെളിയിൽ ഒരു പുരുഷന്റെ ശബ്ദം അവൾ കേൾക്കുന്നു. പുറത്തിറങ്ങിയ അൽമ എലിസബത്തിന്റ ഭർത്താവ് മിസ്റ്റർ വോഗ്ലറെ പൂന്തോട്ടത്തിൽ കാണുന്നു.

മിസ്റ്റർ വോഗ്ലർ  അൽമയെ തന്റെ ഭാര്യയായി തെറ്റിദ്ധരിക്കുന്നു, "ഞാൻ നിങ്ങളുടെ

ഭാര്യയല്ല" എന്ന് അവൾ ആവർത്തിച്ച് പറയുമ്പോഴും, അവളോടും അവരുടെ മകനോടും ഉള്ള തന്റെ സ്നേഹത്തെക്കുറിച്ച് അയാൾ ആരോടെന്നില്ലാതെ സംസാരിക്കുന്നു.

എലിസബത്ത് ഇരുവരുടെയും അരികിൽ നിശബ്ദമായി നിൽക്കുന്നു. ഒടുവിൽ അൽമ അയാളോട് തന്റെ സ്നേഹം സമ്മതിക്കുന്നു. ശേഷം താൻ എലിസബത്ത് അല്ലെന്ന് മനസ്സിലാക്കുകയും തന്റെ വ്യക്തിത്വം സ്ഥിരീകരിക്കുകയും ചെയ്യുന്നു. എലിസബത്ത്



തൻറെ സാധനങ്ങൾ എല്ലാം പെട്ടിയിലാക്കി കോട്ടേജിൽ നിന്നും പോകാനൊരുങ്ങുന്നു. എന്നാൽ പെട്ടിയും തൂക്കി പുറത്തിറങ്ങുന്നത് അൽമയാണെന്ന് കാണിച്ചുകൊണ്ട് ചിത്രം അവസാനിക്കുന്നു.

അൽമയുടെ ഒരു കാല്പനിക സൃഷ്ടി മാത്രമാണോ എലിസബത്ത് വോഗ്ലെർ? ഈ ഭ്രമാത്മകത നിലനിർത്തികൊണ്ട് സംവിധായകൻ സിനിമ അവസാനിപ്പിക്കുന്നതിലാണ് അതിന്റെ മനോഹാരിത പ്രകടമാകുന്നത്. അപൂർണ്ണതയിലെ പൂർണ്ണത !



രണ്ട് സ്ത്രീ കഥാപാത്രങ്ങളിലൂടെ പരസ്പര പൂരകങ്ങളായ അവസ്ഥകളെ

ചിത്രീകരിക്കുന്നതിലൂടെ മനുഷ്യന്റെ തീരുമാനങ്ങളിലെ അർത്ഥമില്ലായ്മയെയും അവയുടെ തലങ്ങളെയും കുറിച്ച് ചർച്ചചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നു.
രണ്ടു കഥാപാത്രങ്ങളും ലയിച്ച് ഒന്നായി തീരുന്ന തരത്തിലുള്ള  സിനിമാറ്റിക്ക് അനുഭവം പ്രേക്ഷകനെ ജാലവിദ്യ പോലെ മറ്റൊരു ലോകത്തിൽ എത്തിക്കുന്നു.

ശക്തമായ തിരക്കഥയും അഭിനേതാക്കളുടെ മികച്ച പ്രകടനവും മികവുറ്റ ഛായാഗ്രഹണവും ഈ ചിത്രത്തെ ലോകസിനിമയിലെ എക്കാലത്തെയും മികച്ച മനശാസ്ത്ര ചിത്രങ്ങളിൽ ഒന്നായി വിശേഷിപ്പിക്കുന്നു.



# പേഴ്സോണ ഇരട്ട മുഖങ്ങൾ

(കവിത)



**രാജാംബിക**

( വൈസ് പ്രസിഡന്റ് , ഫിൽക്ക )

**അ**മ്മേ നിൻ മൗനങ്ങളിൽ
നൊമ്പരപ്പൂക്കളുണർന്നിടുന്നു
എണ്ണിയാലൊടുങ്ങാത്ത മുഖപടങ്ങൾ
എന്തിനായ് നീ
അണിയുന്നു , ഭൂമികേ ...

മുഖത്തിനുള്ളിൽ വിരിയുന്നു മറ്റൊരു മുഖം ,
അതിനുള്ളിൽ കൊഴിഞ്ഞുവീഴുന്നു
യഥാർത്ഥ മുഖം !
ആത്മാർത്ഥതയില്ലാത്ത നോട്ടമെറിയുന്നു
ജീവിതത്തെ നോക്കി പരിഹസിച്ചീടുന്നു .

ഭഗ്ന സങ്കല്പം വേരിറങ്ങുന്നു , സ്വത്വത്തെ
കീഴടക്കുന്നു
സ്വയം മാറ്റി നിർത്തുന്നു, ഉൾവലിഞ്ഞീടുന്നു,
നിരാശയിൽ മുഴുകുന്ന സ്വപ്ന
സഞ്ചാരിണിയാകുന്നു
അപര സ്വത്വം വളരുന്നു , വ്യക്തിത്വം
മറവിലാഴുന്നു .

കൊടുങ്കാറ്റിൻ നയനങ്ങളിൽ ചെറു കാറ്റു
മറയുന്നുവോ ,
ഒച്ചയടച്ചൊരു  ഇടിമിന്നൽ ഉള്ളിൽ
വിറയേകിയോ...

അരങ്ങിൽ , ജീവന്റെ തേരോട്ടവീഥി ,
അണിയറയിൽ ...
അണിയറയിൽ   മറകൾ ചമയ്ക്കുന്ന ഇഷ്ടാനിഷ്ട
ഗാഥകൾ .
ഉയർച്ച –  താഴ്ചകൾ , യവനികയാൽ
മറയുന്നുവോ...

ഉദരത്തിലുത്ഭൂതമായോരു പൈതലിൻ
ഭ്രൂണ വേരുകളറുത്ത് ദൂരത്തെറിയുവാനായി,
ചാപിള്ളയ്ക്കായി അശ്രാന്തം പരിശ്രമിച്ചു
ഒരു  അഭിനേത്രിയുടെ  സ്വതന്ത്ര വ്യക്തിത്വം .

ഒഴിഞ്ഞ മനസ്സൊരു പക്ഷി തൂവലായി
ഭാരം കുറഞ്ഞങ്ങ് പാറിപ്പറക്കുമ്പോൾ ,
രഹസ്യങ്ങൾ തൻ കൂമ്പാരം ഏറുന്നവർ
മാറിയണിയുന്നു  മനസ്സിൻ  മറ്റൊരു മൗനമുഖം.

അനന്തതയിൽ , അനന്തതയിൽ , അനന്തതയിൽ
അലിഞ്ഞുപോയാ പ്രാണനെന്നോർത്തു
ആശ്വാസം  പൂകുന്നവൾ  അമ്മയോ
അഭിനേത്രിയോ
ആളറിയാതാവുന്നു  നിശബ്ദമാം  ഇരട്ട വ്യക്തിത്വം
.

കൂട്ടരോടലിയാതെ സ്വയം മാറ്റി നിർത്തുമ്പോഴും ,
ഏകാന്തതയുടെ മരണക്കിണറിൽ
താണുപോകുമ്പോഴും
സ്വയം തീർത്ത മറയ്ക്കു പിന്നിലൊളിക്കുമ്പോഴും
അപരസ്വത്വം വളരുന്നു മൂടുപടത്തിനുള്ളിൽ.

തുടിപ്പിനെ ഏറ്റെടുത്തേതോ നിയോഗ വായ്പ്പിൽ
തുടിച്ചോരച്ചുൻെറ ആർദ്ര വികാരമേ...
പരിമൃദു ചുംബനങ്ങളാൽ പൊതിഞ്ഞു വളർന്നു
പത്തുവർഷം കഴിഞ്ഞോമന ചികയുന്നു
അമ്മ മനസ്സിൽ അവസ്ഥാന്തരങ്ങൾ...
അഭിനേത്രിതൻ   പേഴ്സോണ...

നിരാശയിൽ മുഴുകിയ അപഥ  സഞ്ചാരിണി
ഓരോ നിമിഷവും  അഗാധസ്മൃതി  നിറച്ച്
ആത്മസ്പർശ ശൂന്യമാം  നോട്ടമെറിഞ്ഞ്
ആളുന്ന  ഗൂഢഭാവവുമായ്   അപര
വ്യക്തിത്വത്തിൽ  .
സ്വയം മാറ്റി നിർത്തി , സ്വയം ഉൾവലിഞ്ഞ്
നിഗൂഢമാം മുഖംമൂടിയിൽ  നിമഗ്നമായി
ആഘാതമായി  തീർന്ന  സുന്ദരസ്വപ്നങ്ങൾ
നിർവചനാതീതമീ  വന്യമൂകത .

നിഷേധിക്കപ്പെടുന്നുവോ  സ്നേഹവും നീതിയും ,
വലിച്ചെറിയുക നിൻ അതിശക്തമാം
പ്രതിരോധമുറകൾ
നിൻ മടിമേൽ ആശ്വസിക്കാൻ

കണ്ണീരിന്റെയും ഉറക്കത്തിന്റെയും മണം
മാടിവിളിക്കുന്നു...

അമ്മേ നിൻ മൗനങ്ങളിൽ
നൊമ്പരപ്പൂക്കളുതിർന്നിടുന്നു
എണ്ണിയാലൊടുങ്ങാത്ത മുഖപടങ്ങൾ
എന്തിനായ് നീ
അണിയുന്നു , ഭൂമികേ ...



# ഇംഗ്മെർ ബെർഗ്മാൻ

INGMAR BERGMAN



സുരേഷ്കുമാർ . സി
(സെക്രട്ടറി, ബീം ഫിലിം സൊസൈറ്റി)



*ഇംഗ്മെർ ബെർഗ്മാൻ എന്ന വിശ്വ ചലച്ചിത്രകാരനെ ലോകം കണ്ടെത്തിയത് 1957-ൽ പുറത്തിറങ്ങിയ The Seventh Seal  എന്ന സിനിമയിലൂടെയായിരുന്നു. രൂപഘടനയിലും ശൈലി നിർമ്മാണത്തിലും ഇന്നും പുതുമ നശിക്കാത്ത ഒരു സാഹസിക പരിശ്രമമായിരുന്നു ആ സിനിമ.*

**വി**ശ്വ സിനിമാ വേദിയിലെ ഇതിഹാസ സമാന ചലച്ചിത്രകാരന്മാരിൽ പ്രധാനിയാണ് സ്വീഡിഷ് സംവിധായകനായ ശ്രീ . ഇംഗ്മെർ ബെർഗ്മാൻ. 1918 ൽ  സ്വീഡനിൽ ജനനം. 2007 ൽ, 89-ാം വയസ്സിൽ സ്വീഡനിൽ തന്നെ മരണവും സുവിശേഷകനായിരുന്ന പിതാവിന്റെ കർശന നിയന്ത്രണത്തിൽ, നിറഞ്ഞ മതാന്തരീക്ഷത്തിലായിരുന്നു ബാല്യകാലജീവിതം. വിദ്യാഭ്യാസ കാര്യത്തിൽ അത്ര

തൽപ്പരനല്ലായിരുന്ന ഇംഗ്മെർ , സ്കൂൾ കാലം മുതൽ തന്നെ നാടകത്തോടും സിനിമയോടും വല്ലാത്ത ആഭിമുഖ്യം പുലർത്തിയിരുന്നു. സ്റ്റോക്ഹോം സർവകലാശാലയിലെ കലാ പഠന കാലത്ത് തീയേറ്റർ ഗ്രൂപ്പുകളിലെ സജീവ പ്രവർത്തകനായി മാറി. ഒപ്പം സിനിമയോടുള്ള കമ്പവും വളർന്നുവന്നു.

1942 ൽ Sevensk Film Industry എന്ന കമ്പനിയിൽ തിരക്കഥാ വിഭാഗത്തിൽ ചേർന്ന ഇംഗ്മെർ ബെർഗ്മാന്റെ ആദ്യ പ്രധാന സംരംഭം Torment (1944) എന്ന സിനിമയുടെ തിരക്കഥ രചയിതാവും അസിസ്റ്റന്റ് ഡയറക്ടറും ആയിട്ടായിരുന്നു. ചെറുതും വലുതുമായ നിരവധി സിനിമകളുടേയും ഡോക്യുമെന്ററികളുടെയും അണിയറ

പ്രവർത്തകനായി തുടർന്ന അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ആദ്യ സംവിധാന സംരംഭം 1955-ൽ പുറത്തിറങ്ങിയ Smiles of a Summer Night ആയിരുന്നു. കാൻ ചലച്ചിത്ര മേളയിൽ Palm d' Or ന് നാമനിർദ്ദേശം ചെയ്യപ്പെട്ടിരുന്നു ആ സിനിമ.

ഇംഗ്മെർ ബെർഗ്മാൻ എന്ന വിശ്വ ചലച്ചിത്രകാരനെ ലോകം കണ്ടെത്തിയത് 1957-ൽ

പുറത്തിറങ്ങിയ The Seventh Seal എന്ന സിനിമയിലൂടെയായിരുന്നു. രൂപഘടനയിലും ശൈലീ നിർമ്മാണത്തിലും



ഇന്നും പുതുമ നശിക്കാത്ത ഒരു സാഹസിക പരിശ്രമമായിരുന്നു ആ സിനിമ. എക്കാലത്തേയും ദാർശനിക വ്യഥകളിലൊന്നായ , മനുഷ്യ മനസ്സിന്റെ മരണവുമായുള്ള മുഖാമുഖത്തിന് കറുപ്പും വെളുപ്പും ഇടകലർത്തി നൽകിയ ദൃശ്യഭാഷ എക്കാലത്തേയും മഹത്തായ രചനകളിലൊന്നാണ്.

അക്കൊല്ലം തന്നെ പുറത്തുവന്ന Wild Strawberries ബെർഗ്മാന്റെ മറ്റൊരു മികച്ച രചനയാണ്. ഒരു

ദീർഘയാത്രയിൽ വന്നു ചേരുന്ന യാദൃച്ഛിതകളെ തന്റെ ഭൂതകാലവുമായും ഭാവിയുമായും കൂട്ടിക്കുഴയ്ക്കുന്ന , ഒരു വൃദ്ധ മനസ്സിന്റെ പ്രക്ഷുബ്ധതയിലൂടെയാണ് ഈ സിനിമ സഞ്ചരിക്കുന്നത്. കാൻ ചലച്ചിത്ര മേളയിൽ സമ്മാനം നേടിയവയാണ് രണ്ട് സിനിമകളും.

ദൈവവും വിശ്വാസവും ബെർഗ്മാന്റെ മനസ്സിൽ സന്നിഗ്ധതകൾ നിറച്ചിരുന്ന വിഷയങ്ങളായിരുന്നു. ദൈവത്തിന്റെ അസ്തിത്വത്തിൽ സന്ദേഹിയായിരുന്നു അദ്ദേഹം. കുഞ്ഞുന്നാളിൽ അബോധമനസ്സിൽ കയറിക്കൂടിയ മതചിഹ്നങ്ങളോടും മതഭാവനകളോടുമുള്ള കലഹവും സംവാദവുമായി പുറത്തുവന്ന മൂന്ന് സിനിമകളാണ് Through a Glass Darkly (1961), Winter Light (1962), The Silence (1963).

അറുപതിൽപരം സിനിമകളുടേയും ഡോക്യുമെന്ററികളുടെയും സൃഷ്ടാവായ ബെർഗ്മാന്റെ രചനകളിൽ വളരെ ശ്രദ്ധേയങ്ങളായവയാണ് Persona (1966), The Passion of Anna (1969), Cries and Whispers (1972), The Serpants Egg (1977), Fanny and Alexander (1982).

2003 ൽ പുറത്തിറങ്ങിയ Saraband ആണ് ബെർഗ്മാന്റെ അവസാന ചലച്ചിത്രരചന. ധനകാര്യ മാനേജ്മെന്റിലുണ്ടായ ചില താളപ്പിഴകൾ ബെർഗ്മാന്റെ

സിനിമാജീവിതത്തിലും വലിയ അസ്വസ്ഥതകൾ സൃഷ്ടിച്ചിട്ടുണ്ട്. 1976 ൽ നികുതി സംബന്ധമായ ഒരു കേസിൽ അറസ്റ്റു ചെയ്യപ്പെട്ടത് അദ്ദേഹത്തെ വല്ലാത്ത മാനസിക സംഘർഷത്തിലേക്കും വിഷാദാവസ്ഥയിലേക്കും നയിച്ചു. കേസിൽ നിന്ന് മുക്തനായെങ്കിലും ആ സംഭവം സ്വീഡനോടും തന്റെ പ്രിയപ്പെട്ട 'ഫറോ' ദ്വീപിനോടും വിട പറയാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു.

ജർമ്മനിയിലെ മ്യൂണിച്ചിലേക്ക് താമസം മാറ്റിയ ബെർഗ്മാന്റെ The Serpant's Egg (1977) , Autumn Sonata (1978) തുടങ്ങിയ തുടർന്നുള്ള സിനിമകൾ അമേരിക്കയും ബ്രിട്ടണുമായൊക്കെയുള്ള സംയുക്ത സംരംഭങ്ങളായാണ് നിർമ്മിക്കപ്പെട്ടത്.

1982 ലെ Fanny and Alexander എന്ന പ്രശസ്തമായ ചിത്രത്തിലൂടെയാണ് അദ്ദേഹം സ്വീഡനിലേക്കും തന്റെ ഇഷ്ട ലൊക്കേഷനായ Faro island ലേക്കും തിരിച്ചു വന്നത്. തുടർന്നുള്ള വർഷങ്ങളിൽ,

2003 ൽ സിനിമാജീവിതത്തിൽ നിന്ന് വിരമിക്കാൻ തീരുമാനിക്കുന്നതിനിടയിൽ വളരെ കുറച്ചു സൃഷ്ടികളാണ് ബെർഗ്മാനിൽ നിന്ന് ഉണ്ടായത്.




2006 ൽ ഇടുപ്പെല്ലിന് നടന്ന ഒരു ശസ്ത്രക്രിയയെത്തുടർന്ന് കിടപ്പിലായ ഇംഗ്മർ ബെർഗ്മാൻ 2007 ജൂലൈ 30 ന് ഫറോ ദ്വീപിൽ വച്ച് തന്നെ, ഉറക്കത്തിൽ , നിര്യാതനായി.

(മറ്റൊരു വിശ്വ ചലച്ചിത്രകാരനായിരുന്ന മൈക്കലാഞ്ജലോ അന്റോണിയോണി മരണമടഞ്ഞതും അതേ ദിവസം തന്നെയായിരുന്നു .

വളരെ ഹൃസ്വങ്ങളായിരുന്നു അദ്ദേഹത്തിന്റെ വൈവാഹിക ബന്ധങ്ങൾ. ആദ്യ നാലു ബന്ധങ്ങളും വിവാഹ മോചനങ്ങളിലൂടെയാണ് അവസാനിച്ചത്. അഞ്ചാമത്തെ ഭാര്യ ബർഗ്മാന്റെ ജീവിത കാലത്തു തന്നെ മരണമടയുകയാണുണ്ടായത്. ഒപ്പം വിവാഹേതര ബന്ധങ്ങളിലും അദ്ദേഹം ഏർപ്പെട്ടിരുന്നു. "Because I have so many Lives" എന്നതായിരുന്നു ബെർഗ്മാന്റെ പ്രസിദ്ധമായ മറുപടി. ഒൻപതു മകളിൽ പലരും ചലച്ചിത്രരംഗത്ത് വിവിധ മേഖലകളിൽ സജീവമായിരുന്നു.

കാണികളെ പഠിപ്പിക്കുകയല്ല, അനുഭവിപ്പിക്കുന്നതാവണം തന്റെ സിനിമ എന്നതായിരുന്നു ബെർഗ്മാന്റെ സിനിമാ സങ്കൽപ്പത്തിന്റെ കാതൽ. അതിനു സഹായിക്കുന്ന ദൃശ്യങ്ങളാണ് താൻ ഉപയോഗിക്കുന്നത് ; സംഘർഷത്തിന്റേതാ യാലും ലൈംഗികതയുടേതായാലും. ചെറുപ്പകാലത്ത് ഹിറ്റ്ലറിന്റെ ആരാധകനും , പട്ടാളക്കാരനെന്ന നിലയിൽ നാസി ക്യാമ്പുകളിലെ കാഴ്ചകൾ കണ്ടശേഷം ഫാസിസ്റ്റു വിരോധിയുമായി ജീവിച്ച ബെർഗ്മാൻ തന്റെ സിനിമകളെ എന്തിന്റെയെങ്കിലും പ്രചാരണോപാധി യാക്കാൻ

ഇഷ്ടപ്പെട്ടിരുന്നില്ല. ഫീച്ചർ സിനിമകളോടൊപ്പം നിരവധി ഡോക്യുമെന്ററികളും ടെലിവിഷൻ സീരിയലുകളും നാടക സൃഷ്ടികളും ബെർഗ്മാന്റെ സംഭാവനകളായി കലാലോകത്തിന് ലഭിച്ചിട്ടുണ്ട്.

അക്കാദമി പുരസ്കാരങ്ങളിലും വിശ്വ ചലച്ചിത്ര മേളകളിലും നിരവധി തവണ ആദരിക്കപ്പെട്ടിട്ടുള്ള ബെർഗ്മാനെ 1997ൽ , കാൻ ചലച്ചിത്ര മേളയുടെ 50-ാം വാർഷിക വേളയിൽ ' Palm des Palmes ( Palm of the Palm ) അവാർഡ് നൽകിയും ആദരിച്ചിട്ടുണ്ട്.

സിനിമ ഒരു കല എന്ന നിലയിൽ നിലനിൽക്കുന്ന കാലത്തോളം ചരിത്രത്തിൽ നിന്ന് മായ്ക്കാൻ കഴിയാത്ത ഒരു പേരാണ് ഇംഗ്മർ ബെർഗ്മാൻ.






# റെഡ് ബിയേർഡ് – സമർപ്പിതനായ ഭിഷഗ്വരൻ



ജോൺ തോമസ്
(ഫിൽക്ക)

*കുറോസോവയുടെ മറ്റെല്ലാ ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രങ്ങളിലും എന്നപോലെ സൂക്ഷ്മമായും മനോഹരമായും ഉപയോഗിച്ചിരിക്കുന്ന ബ്ലാക്ക് ആൻഡ് വൈറ്റ് ഫോട്ടോഗ്രാഫിയാണ് ഈ സിനിമയിലും ഉള്ളത്.*

**സി**നിമയെന്ന ആധുനിക കലാരൂപത്തെ സംബന്ധിച്ചിടത്തോളം അമേരിക്കൻ ഭൂഖണ്ഡം മുതൽ റഷ്യ വരെ പരന്നുകിടക്കുന്ന പാശ്ചാത്യ ദേശത്ത് ഇരുപതാം നൂറ്റാണ്ടിൽ അരങ്ങു വാണ നിരവധി സംവിധായകർക്കും സാങ്കേതിക വിദഗ്ധർക്കും വെല്ലുവിളി ഉയർത്തിക്കൊണ്ട് പൗരസ്ത്യ ദേശത്ത് ചില സംവിധായകർ പിറവി കൊണ്ടു. അവരിൽ ഏറ്റവും ശ്രദ്ധേയരാണ് ജപ്പാനിൽ നിന്നുള്ള അകിരാ കുറോസോവ,

യാസുജിറോ ഓസു, ഇന്ത്യയിൽ നിന്നുള്ള സത്യജിത് റേ എന്നിവർ.

തദ്ദേശീയമായ സംസ്കൃതി, പാരമ്പര്യം, നാടൻ കലാരൂപങ്ങൾ, ആയോധനരീതികൾ, തനത് സംഗീതം  എന്നിവയിൽ നിന്നൊക്കെ ഊർജ്ജം ഉൾക്കൊണ്ട് സിനിമ നിർമ്മിച്ച കുറോസോവയുടെ റാഷോമൺ, സെവൻ സമുറായി, ഇക്കിറു തുടങ്ങി ഡ്രീംസ് വരെയുള്ള സിനിമാ പട്ടികയിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് 1965 ൽ പുറത്തിറങ്ങിയ 'അക്കാഹിഗെ' അഥവാ 'റെഡ് ബിയേർഡ്'.

1953 ൽ പ്രസിദ്ധീകരിച്ച ഷുഗൊറൊ യമാമോട്ടോയുടെ ചെറുകഥാ സമാഹാരം, ദസ്തയേവ്സ്കിയുടെ 'നിന്ദിതരും പീഡിതരും' എന്ന  നോവൽ എന്നിവയെ അവലംബിച്ചാണ് സിനിമയുടെ തിരക്കഥ തയ്യാറാക്കിയിരിക്കുന്നത്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തിലാണ് കഥ നടക്കുന്നത്. നാഗസാക്കിയിലെ ഡച്ചുമെഡിക്കൽ സ്കൂളിൽ നിന്നും പഠിച്ചിറങ്ങിയ പ്രബലവും സമ്പന്നവും ആയ കുടുംബാംഗം, ഗർവ് നിറഞ്ഞ പെരുമാറ്റമുള്ള യുവ ഡോക്ടറാണ് നൊബുറൊ യസുമോട്ടൊ. സൈനിക മേധാവിയുടെ കീഴിൽ

ഡോക്ടറായി സേവനമനുഷ്ഠിക്കുന്ന തന്റെ ബന്ധു ആ തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്ന മുറയ്ക്ക് അവിടെ കയറിപ്പറ്റുക എന്നതാണ് അയാളുടെ ഉദ്ദേശ്യം. സാമൂഹികമായ അംഗീകാരവും അന്തസ്സും ഉള്ള  തസ്തികയാണത്.



അതിനു മുമ്പായി ഗ്രാമീണ  പരിശീലനത്തിന്റെ പൂർത്തീകരണത്തിന് വേണ്ടി ചുവന്ന താടിക്കാരൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഭിഷഗ്വരൻ ക്യോജൊ നീഡെയുടെ കീഴിലുള്ള ആസ്പത്രിയിലേക്ക് അയാൾ നിയോഗിക്കപ്പെടുന്നു.

ചേരിപ്രദേശത്ത് ദരിദ്രരായ രോഗികൾ മാത്രം ഉള്ള ആ ആശുപത്രി യുവ ഡോക്ടർക്ക് തീരെ

ഇഷ്ടപ്പെടുന്നില്ല. ഈച്ചകളും പ്രാണികളും നിറഞ്ഞ ദുർഗന്ധപൂരിതമായ പരിസരം അയാളെ അലോസരപ്പെടുത്തുന്നു. ഡോ. നീഡെയുടെ എതിർപ്പിന് പാത്രമായി തിരികെ അയക്കപ്പെടാൻ വേണ്ടി ആ ആശുപത്രിയിൽ പാലിക്കപ്പെട്ടു പോരുന്ന എല്ലാ മര്യാദകളെയും അയാൾ ലംഘിക്കുന്നു.



ഡോ.നീഡെ ഉൾപ്പെടെയുള്ള ഡോക്ടർമാരുടെ ഭക്ഷണ വേളയിൽ അയാൾ മാത്രം ഭക്ഷണം കഴിക്കാതിരിക്കുന്നു. അവിടെ മറ്റാരും ആവശ്യപ്പെടാത്ത സാക്കി (മദ്യം) അയാൾ ആവശ്യപ്പെടുന്നു. ഏതു ഭക്ഷണവും ചവച്ചരച്ച് കഴിച്ചാൽ ഹൃദ്യമാവുമെന്ന ഉപദേശം ഈ അവസരത്തിൽ ഡോ. നീഡെ  നൽകുന്നുണ്ട്.

ആശുപത്രിയിലെ ഡോക്ടർമാർക്കുള്ള യൂണിഫോം ധരിക്കാൻ യസുമോട്ടൊ വിസമ്മതിക്കുന്നു. ഇവിടെനിന്നും തനിക്കൊന്നും പഠിക്കാനില്ലെന്ന അഹന്ത നിറഞ്ഞ വാക്കുകൾ അയാൾ ഉരുവിടുന്നു.

ഡോ. നീഡെ നേരിട്ടു ചികിത്സിക്കുന്ന ഗൗരവസ്വഭാവമുള്ള രോഗങ്ങൾ ഉള്ളവരെ പാർപ്പിച്ചിരിക്കുന്ന ഇടത്തേക്ക് അനുമതിയില്ലാതെ അയാൾ കടന്നു കയറുന്നു.ഡച്ച് മെഡിക്കൽ സ്കൂളിലെ പഠനക്കുറിപ്പുകൾ ഡോ.നീഡെ ആവശ്യപ്പെടുന്നുണ്ടെങ്കിലും നൽകാൻ യുവ ഡോക്ടർ തയ്യാറാവുന്നില്ല. അതിൽ നിന്നും ചികിത്സാവിധികൾ ചോർത്തിയെടുക്കാ നുള്ള ഉദ്ദേശ്യം ആയിരിക്കും നീഡെയ്ക്കെന്നയാൾ സംശയിക്കുന്നു. എന്നാൽ നമുക്ക് ലഭിക്കുന്ന ഓരോ പുതിയ അറിവും  വൈദ്യശാസ്ത്ര മേഖലയുടെ പൊതു സ്വത്താണെന്നും  തനിക്ക് മാത്രമുള്ളതായി കരുതരുതെന്നും ഡോ.നീഡെ ഉപദേശിക്കുന്നു.

പുറമേ പരുക്കനെങ്കിലും അകമേ സഹാനുഭൂതിയും ക്ഷമാശീലവും നിറഞ്ഞ ഉത്തമ ചികിത്സകനായ ഡോ.നീഡെ

ഡോ.യസുമോട്ടോയെ  തിരിച്ചയക്കുന്നതിനു പകരം സാഹചര്യങ്ങൾക്ക് അനുസരണമായി പരുവപ്പെടുത്തിയെടുത്ത് മികച്ച ചികിത്സകൻ ആക്കി മാറ്റുന്നു.



മരണാസന്നനായ ഒരു വൃദ്ധന്റെ അന്തിമ വാക്കുകൾ കേൾക്കാനും അയാളുടെ പശ്ചാത്തലം മനസ്സിലാക്കാനുമുള്ള സൗകര്യം യുവ ഡോക്ടർക്ക് നീഡെ ഒരുക്കിക്കൊടുക്കുന്നു. ഗ്രാമത്തിൽ ഏവർക്കും സഹായിയും ദാനശീലനുമായ മനുഷ്യന്റെ അന്ത്യം യുവ ഡോക്ടർ സാക്ഷ്യം വഹിച്ച മറ്റൊരു സംഭവമായിരുന്നു.അയാളുടെ അന്ത്യത്തിലേക്ക്

നയിച്ച അസന്തുഷ്ടമായ ദാമ്പത്യത്തെ കുറിച്ച് അറിയാനും യുവ ഡോക്ടർക്ക് അവസരമുണ്ടാകുന്നു.

മറ്റൊരു അവസരത്തിൽ ഒരു വേശ്യാലയത്തിൽ നിന്നും രക്ഷപ്പെടുത്തി എടുക്കുന്ന പന്ത്രണ്ട് വയസ്സുകാരിയെ ചികിത്സിക്കുന്നതിനുള്ള ചുമതല നീഡെ യുവഡോക്ടർക്ക് നൽകുന്നു. അവളെ രക്ഷപ്പെടുത്തുമ്പോൾ തടസ്സപ്പെടുത്താൻ വന്നവരെ ഡോ.നീഡെ കായികമായി നേരിടുന്നുണ്ട്.

ചില സാഹചര്യങ്ങളിൽ രക്ഷകനായി എത്തുകയും ഉത്തമ ചികിത്സ നൽകാൻ ശ്രമിക്കുകയും ചെയ്യുന്ന ഡോക്ടറെ കായികമായി തടയാൻ മുതിരുന്നവരെ  കായികമായിട്ടു പോലും ഡോക്ടർക്ക് നേരിടേണ്ടി വരും എന്ന സന്ദേശം അടങ്ങിയ രംഗമായിരുന്നു അത്.

യുവ ഡോക്ടർ എത്ര ശ്രമിച്ചിട്ടും മരുന്നു കഴിക്കാൻ വിസമ്മതിക്കുന്ന ആ പെൺകുട്ടിയെ ഡോ.നീഡെ ക്ഷമയോടെ മരുന്നു കുടിപ്പിക്കുന്ന രംഗം അയാൾ നോക്കിക്കാണുന്നു. രോഗം സുഖപ്പെട്ട് ആശുപത്രിക്കാർക്ക് പ്രിയപ്പെട്ട സേവിനിയായി

മാറിയ അവളെ തിരികെ കൊണ്ടുപോകാൻ വന്ന വേശ്യാലയ നടത്തിപ്പുകാരിയെ ആശുപത്രിയിലെ സേവിനിമാർ തന്നെ തുരത്തിയോടിക്കുന്നു.

ചോബെ എന്ന ബാലൻ  ആശുപത്രിയിൽ നിന്നും പതിവായി ചോറു മോഷ്ടിക്കുന്നു. വിശന്നു വലയുന്ന തന്റെ   മാതാപിതാക്കൾക്കും ഇളയ സഹോദരങ്ങൾക്കും ഭക്ഷണം എത്തിച്ചു കൊടുക്കുക എന്ന ലക്ഷ്യമാണവന് ഉണ്ടായിരുന്നത്. എന്നാൽ  ആശുപത്രി ജീവനക്കാരാൽ പിടിക്കപ്പെട്ടപ്പോൾ മാനഹാനി സംഭവിച്ച ആ കുടുംബം ഒന്നടങ്കം വിഷം കഴിച്ച് ആത്മഹത്യക്ക് ശ്രമിക്കുന്നു.   ആശുപത്രിയിൽ ചികിത്സയിലായ കുടുംബത്തിന്റെ ദുരന്തം ആശുപത്രി ജീവനക്കാരുടെ ഹൃദയത്തെ സ്പർശിക്കുന്നു.

സ്ത്രീകൾ സംഘം ചേർന്ന് കിണറ്റിലേക്ക് നോക്കി 'ചോബെ' എന്ന് വായ്ത്താരി പോലെ ആവർത്തിച്ചു വിളിക്കുന്ന രംഗം, പാതാളത്തിലേക്ക് പോകുന്ന ആത്മാവിനെ തിരികെ കൊണ്ടുവരാൻ പര്യാപ്തമാണെന്ന് അക്കാലത്ത് അവിടെ നിലവിലിരുന്ന വിശ്വാസത്തിൽ അധിഷ്ഠിതമാണ്.

ആശുപത്രിയിൽ നിന്നും ലഭിച്ച പരിചരണത്തിലൂടെ ആ കുടുംബം ജീവിതത്തിലേക്ക് തിരികെ വരുന്നു.

അത്തരം സമൂഹങ്ങളിൽ വിശപ്പടക്കമുള്ള ദാരിദ്ര്യം പരിഹരിച്ചാൽ മിക്ക രോഗങ്ങൾക്കും പരിഹാരം ആകുമെന്ന് ദരിദ്രരായ രോഗികളിൽ നിന്നും ഫീസ് വാങ്ങാതെ ലാഭേച്ഛ ഒട്ടുമേയില്ലാതെ ചികിത്സ നൽകുന്ന ഡോ.നീഡെ അഭിപ്രായപ്പെടുന്നു. ചുറ്റുമുള്ള ദുരിത പൂർണമായ ലോകം ദർശിക്കാൻ അവസരം ലഭിക്കുന്ന യുവ ഡോക്ടർ യസുമോട്ടൊ തന്റെ അഹന്തയും സ്വാർത്ഥതയും ഉപേക്ഷിച്ചാൽ തനിക്ക് മറ്റുള്ളവരുടെ ദുരിതം കുറയ്ക്കാൻ കഴിയും എന്ന പാഠം ഉൾക്കൊള്ളുന്നു.

ഓരോ രോഗിയെയും രോഗത്തിലേക്ക് നയിക്കുന്ന കാരണങ്ങൾ കൂടി മനസ്സിലാക്കി ചികിത്സിക്കുന്ന രീതി അയാൾക്ക് പുത്തൻ അറിവായിരുന്നു. ഇതിനിടയിൽ യുവ ഡോക്ടറുടെ കാമുകി അയാളെ വിട്ട് മറ്റൊരു ബന്ധത്തിൽ ഏർപ്പെട്ടു എന്നയാൾ മനസ്സിലാക്കുന്നു.

യുവ ഡോക്ടറുടെ രോഗിണിയായ അമ്മയുടെ

ആഗ്രഹപ്രകാരം അയാളെ സന്ദർശിക്കാനെത്തുന്ന മുൻ കാമുകിയുടെ അനുജത്തിയെ വിവാഹം കഴിക്കാൻ ഡോക്ടർ സന്നദ്ധനാകുന്നു.

വിവാഹത്തെ തുടർന്ന് യുവ ഡോക്ടർ സൈനിക മേധാവിക്ക് കീഴിലുള്ള  പദവി സ്വീകരിക്കാൻ വേണ്ടി ആശുപത്രി വിട്ടു പോകുമെന്ന് ഡോ.നീഡെ ഉൾപ്പെടെ ഏവരും കരുതുന്നു. എന്നാൽ താൻ ആ ആശുപത്രിയെയും ഡോ.നീഡെയെയും വിട്ട് മറ്റെവിടേക്കും ഇല്ലെന്ന് അയാൾ പ്രഖ്യാപിക്കുന്നു.

കുറോസോവയുടെ മറ്റെല്ലാ ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രങ്ങളിലും എന്നപോലെ സൂക്ഷ്മമായും മനോഹരമായും ഉപയോഗിച്ചിരിക്കുന്ന ബ്ലാക്ക് ആൻഡ് വൈറ്റ് ഫോട്ടോഗ്രാഫിയാണ് ഈ സിനിമയിലും ഉള്ളത്.

കുറോസോവയുടെ അവസാന ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രമാണ് റെഡ് ബിയേർഡ്. ഇരുണ്ട ഭാവങ്ങൾക്ക് കൂടുതൽ ഇരുട്ടും പ്രസാദാത്മകഭാവങ്ങൾക്ക് കൂടുതൽ വെളിച്ചവും നൽകിക്കൊണ്ടുള്ള ഒരു ആവിഷ്കരണ രീതിയാണ് ഇതിൽ അവലംബിച്ചിട്ടുള്ളത്.

ഈ സിനിമയിലെ എടുത്തുപറയേണ്ട ഒരംശമാണ് സീനുകളുടെ ടെംപോയ്ക്കനുസരിച്ചുള്ള സംഗീതം. പാശ്ചാത്യ ക്ലാസിക്കൽ സംഗീതത്തിലെ മനോഹരവും സൂക്ഷ്മവും ആയ ബിറ്റുകൾ, പ്രകൃതി ശബ്ദങ്ങൾ എന്നിവ ജാപ്പനീസ് പരമ്പരാഗത സംഗീതവുമായി ഇഴ ചേർത്ത് കുറോസോവയുടെ മറ്റെല്ലാ ചിത്രങ്ങളിലുമെന്ന പോലെ  ഭാവോന്മീലനത്തിന് ഉതകും വിധം ഈ ചിത്രത്തിൽ ഉപയോഗിച്ചിരിക്കുന്നു.

കുറോസോവ സിനിമകളിലൂടെ ശ്രദ്ധേയനായ നടൻ തോഷിറോ മിഫുണെ ആണ് ഈ ചിത്രത്തിൽ ഡോ.നീഡെയെ അവതരിപ്പിച്ചിരിക്കുന്നത്. പതിനാറ് ചിത്രങ്ങളിൽ ഒരുമിച്ച് പ്രവർത്തിച്ച ഇവർ തമ്മിലുള്ള ബന്ധം ഈ ചിത്രത്തോടെ അവസാനിക്കുകകയും തുടർന്ന് മിഫുണെ ഹോളിവുഡിലേക്ക് ചേക്കേറുന്നതുമാണ് നാം കാണുന്നത്.എന്നാൽ കുറോസോവയുടെ സമുറായി കഥാപാത്രങ്ങളെ അടക്കം അവതരിപ്പിച്ച ചലച്ചിത്രങ്ങളിലൂടെയാണ് പരേതനായ മിഫൂണെ ചലച്ചിത്ര സ്നേഹികളുടെ മനസ്സിൽ നിലനിൽക്കുന്നത്.

ഈ സിനിമയെ കുറിച്ച് പ്രതിപാദിക്കുമ്പോൾ

ഏതാണ്ട് സമാനമായ പ്രമേയം ഉൾക്കൊള്ളുന്ന 1953 ൽ പ്രസിദ്ധീകൃതമായ ബംഗാളി നോവൽ താരാശങ്കർ ബാനർജിയുടെ 'ആരോഗ്യ നികേതന'ത്തെ കുറിച്ച് കൂടി സൂചിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു . മൂന്നു തലമുറയായി വൈദ്യവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബത്തിലെ ഇളമുറക്കാരൻ ജീവൻ മശായിയുടെ കഥയാണത്.

പരമ്പരാഗതമായി തന്റെ കുടുംബക്കാർ നിർവഹിച്ചു വന്ന  നാഡീജ്ഞാനത്തിലൂടെ യുള്ള രോഗ ചികിത്സ, ആയുർവേദത്തിന് മുൻ തൂക്കമുള്ള സങ്കര വൈദ്യം എന്നിവയിലൂടെ അനേകരെ ചികിത്സിച്ചു പേരെടുക്കുന്ന ജീവൻ മശായ്. തന്റെ  ആവശ്യങ്ങൾ മാറ്റി വച്ച്, ഏക മകന്റെ മരണം ഉൾപ്പെടെയുള്ള വ്യക്തിപരമായ ദുഃഖങ്ങൾ മറന്ന്, കുറഞ്ഞ ഫീസ് മാത്രം വാങ്ങി, രോഗ വിവരങ്ങൾ ക്ഷമയോടെ കേട്ട്, രാവെന്നോ പകലെന്നോ ഇല്ലാതെ അത്യാവശ്യക്കാരുടെ വീട്ടിലെത്തിപ്പോലും  ചികിത്സിക്കുന്ന വൃദ്ധനായ ഭിഷഗ്വരൻ.

ആധുനിക മെഡിക്കൽ വിദ്യാഭ്യാസം, ക്ലിനിക്കൽ ഉപകരണങ്ങൾ, ലാബ് സൗകര്യം,പുത്തൻ

മരുന്നുകൾ എന്നിവയുടെ പിൻബലത്തോടെ ആ ഗ്രാമത്തിൽ എത്തുന്ന ഡോ.പ്രഹ്ളാദിന്റെ വരവോടെ മശായുടെ ചികിത്സാരീതി കാലഹരണപ്പെട്ടതായി മാറുകയും രോഗികൾ കുറയുകയും ചെയ്യുന്നു. എന്നാൽ ജീവൻ മശായുടെ വ്യക്തിത്വത്തിലും ചികിത്സാരീതിയിലും അടങ്ങിയിരിക്കുന്ന നല്ല അംശങ്ങൾ യുവ ഡോക്ടർ തിരിച്ചറിയുകയും അർഹിക്കുന്ന ആദരവും ബഹുമാനവും നൽകുന്നതായും ചത്രീകരിച്ചുകൊണ്ട് ആ ശ്രേഷ്ഠ കൃതി അവസാനിക്കുന്നു.



ഹ്യൂമനിസം, എക്സിസ്റ്റൻഷ്യലിസം എന്നിവ പ്രമേയമായ ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ

കുറോസോവയുടെ പത്തൊൻപതാം നൂറ്റാണ്ടിലെ ഗ്രാമീണ ജപ്പാൻ പശ്ചാത്തലമാക്കിയ ഈ സിനിമയ്ക്ക് അദ്ദേഹത്തിന്റെ തന്നെ ഇതിനു മുൻപിറങ്ങിയ 'ഇക്കിറു' എന്ന സിനിമയുമായി പ്രമേയപരമായ സമാനതകൾ ഉള്ളതായി കാണാം.

ഇതിലെ നായക കഥാപാത്രം ക്ഷമ, സഹാനുഭൂതി, രോഗീ ഭാവത്തോടുള്ള ഐക്യപ്പെടൽ, വൈദ്യശാസ്ത്ര സംബന്ധമായ പുത്തൻ അറിവ് നേടാനുള്ള ത്വര എന്നിവ ഒരു ഭിഷഗ്വരന് ഉണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങൾ ആണെന്ന് വിളിച്ചോതുന്നു.

എന്നാൽ ഇതൊരു സാർവ്വലൗകിക പ്രമേയമായി എടുത്താൽ തലമുറകൾ തമ്മിലുള്ള വിടവ് പ്രശ്നമായി നിലകൊള്ളുന്ന ഏതു സമൂഹത്തിലും ഏതു തൊഴിൽ മേഖലയിലും പുതുതലമുറ അനുഭവസമ്പന്നമായ മുൻ തലമുറയുടെ പിന്തുടർച്ച അവകാശപ്പെടാൻ ശ്രമിക്കേണ്ടത് ഇത്തരത്തിൽ ആയിരിക്കണമെന്ന് നമ്മെ പഠിപ്പിക്കുന്ന ചിത്രവുമാണ് റെഡ് ബിയേർഡ്.



# അകിറ കുരോസാവ – മനുഷ്യനെ അന്വേഷിച്ച ചലച്ചിത്രകാരൻ

പ്രൊഫ. ഡോ. ബേബി പോൾ
(ഫിൽക്ക)

> *അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ മഹത്വം സമ്പത്തിലോ അധികാരത്തിലോ അല്ല; കരുണയിലും ഉത്തരവാദിത്തബോധത്തിലും സേവനമനോഭാവത്തിലുമാണ്.*

**ജാ**പ്പനീസ് സിനിമയുടെ ചരിത്രത്തിലും ലോകചലച്ചിത്ര ചരിത്രത്തിലും ഒരുപോലെ അനശ്വര സ്ഥാനമുള്ള സംവിധായകനാണ് അകിറ കുരോസാവ (1910–1998). ഒരു മികച്ച സംവിധായകൻ എന്നതിലുപരി, മനുഷ്യജീവിതത്തിന്റെ അർഥം, ധാർമ്മികത, കരുണ, യുദ്ധത്തിന്റെ ദുരന്തം, അധികാരത്തിന്റെ ദുരുപയോഗം, സത്യത്തിന്റെ സങ്കീർണത, മനുഷ്യബന്ധങ്ങളുടെ മഹത്വം എന്നിവയെക്കുറിച്ച് ആഴത്തിൽ ചിന്തിച്ച ഒരു മാനവിക

കലാകാരനായിരുന്നു അദ്ദേഹം. സിനിമ എന്ന മാധ്യമത്തെ വിനോദത്തിനുള്ള ഉപകരണമെന്നതിലുപരി മനുഷ്യനെ കൂടുതൽ നല്ലവനാക്കാനുള്ള ഒരു സാംസ്കാരിക ശക്തിയായി അദ്ദേഹം കണ്ടു. അദ്ദേഹത്തിന്റെ ചിത്രങ്ങൾ ജപ്പാന്റെ അതിരുകൾ കടന്ന് ലോകമെമ്പാടുമുള്ള സംവിധായകരെയും ചിന്തകരെയും സ്വാധീനിച്ചു.

**ബാല്യവും വ്യക്തിത്വ രൂപീകരണവും**

1910 മാർച്ച് 23-ന് ടോക്കിയോയിൽ ജനിച്ച കുരോസാവ ഒരു സമുറായി പാരമ്പര്യമുള്ള കുടുംബത്തിലാണ് വളർന്നത്. പിതാവ് ഇസാമു കുരോസാവ അച്ചടക്കത്തിനും കായികപരിശീലനത്തിനും പ്രാധാന്യം നൽകിയ വ്യക്തിയായിരുന്നു. മാതാവ് ഷിമ

കുരോസാവ സാഹിത്യത്തോടും കലകളോടും മക്കളെ അടുപ്പിച്ചു. ബാല്യത്തിൽ ചിത്രരചനയോടായിരുന്നു അദ്ദേഹത്തിന് ഏറ്റവും കൂടുതൽ താൽപര്യം. പിന്നീട് സിനിമകളിൽ കാണുന്ന അതുല്യമായ ഫ്രെയിം കോമ്പോസിഷനും ദൃശ്യസൗന്ദര്യവും ഈ

ചിത്രകാരന്റെ കാഴ്ചപ്പാടിന്റെ ഫലമായിരുന്നു.



1923-ലെ മഹാഭൂകമ്പത്തിന് ശേഷം നശിച്ച ടോക്കിയോ നഗരം തന്റെ സഹോദരനോടൊപ്പം നേരിൽ കണ്ട അനുഭവം അദ്ദേഹത്തിന്റെ ജീവിതത്തെ മാറ്റിമറിച്ചു. ജീവിതത്തിലെ കഠിന യാഥാർത്ഥ്യങ്ങളിൽ നിന്ന് കണ്ണടയ്ക്കരുത് എന്ന പാഠമാണ് അദ്ദേഹം അവിടെ നിന്ന് പഠിച്ചത്. പിന്നീട് അദ്ദേഹത്തിന്റെ എല്ലാ സിനിമകളിലും ഈ യാഥാർത്ഥ്യബോധം വ്യക്തമായി കാണാം.

## യുദ്ധവും രാഷ്ട്രീയവും – കുരോസാവയുടെ കാഴ്ചപ്പാട്

അകിറ കുരോസാവ രണ്ടാം ലോകമഹായുദ്ധത്തിന് മുമ്പും യുദ്ധകാലത്തും യുദ്ധാനന്തര ജപ്പാനിലും ജീവിച്ച വ്യക്തിയാണ്. ജപ്പാനിലെ സൈനികാധിപത്യവും യുദ്ധവും നഗരങ്ങളുടെ നാശവും മനുഷ്യരുടെ ദുരിതവും അദ്ദേഹം നേരിട്ട് അനുഭവിച്ചു. എന്നാൽ അദ്ദേഹം ഒരു രാഷ്ട്രീയ പ്രവർത്തകനോ ഏതെങ്കിലും രാഷ്ട്രീയ ആശയധാരയുടെ പ്രചാരകനോ ആയിരുന്നില്ല. മനുഷ്യനെയാണ് അദ്ദേഹം രാഷ്ട്രീയത്തേക്കാൾ പ്രധാനമായി കണ്ടത്.

യുദ്ധകാലത്ത് സിനിമകൾ നിർമ്മിക്കുമ്പോൾ സർക്കാർ സെൻസർഷിപ്പിന്റെ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. എന്നിരുന്നാലും യുദ്ധത്തെയോ ദേശീയതയെയോ മഹത്വവൽക്കരിക്കുന്ന സിനിമകൾ നിർമ്മിക്കാൻ അദ്ദേഹം ശ്രമിച്ചില്ല. യുദ്ധാനന്തരം നിർമ്മിച്ച ചിത്രങ്ങളിൽ മനുഷ്യന്റെ വേദന, ദാരിദ്ര്യം, അഴിമതി, അധികാരദുരുപയോഗം, സാമൂഹിക അനീതി എന്നിവ ശക്തമായി പ്രതിഫലിച്ചു.

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ യുദ്ധത്തിൽ യഥാർത്ഥ വിജയികളില്ല; എല്ലാവരും എന്തെങ്കിലും നഷ്ടപ്പെടുന്നവരാണ്. അധികാരത്തിന്റെയും അഹങ്കാരത്തിന്റെയും ഫലമാണ് യുദ്ധമെന്നും അതിന്റെ ഏറ്റവും വലിയ ഇര സാധാരണ മനുഷ്യരാണെന്നും അദ്ദേഹം തന്റെ സിനിമകളിലൂടെ ആവർത്തിച്ചു പറഞ്ഞു.

**മനുഷ്യനായിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയം**

കുരോസാവയുടെ സിനിമകളുടെ കേന്ദ്രബിന്ദു മനുഷ്യനാണ്. സമൂഹം എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെക്കാൾ മനുഷ്യൻ എങ്ങനെ ജീവിക്കണം എന്ന ചോദ്യത്തിനാണ് അദ്ദേഹം പ്രാധാന്യം നൽകിയത്. അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ പൂർണ്ണരായ നായകന്മാരോ പൂർണ്ണ ദുഷ്ടന്മാരോ അല്ല. നല്ലവരിലും തെറ്റുകളുണ്ട്; തെറ്റുകാരിലും നന്മയുടെ വിത്തുകളുണ്ട്. ഈ മാനുഷിക സങ്കീർണതയാണ് അദ്ദേഹത്തിന്റെ സിനിമകളെ കാലാതീതമാക്കുന്നത്.


അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ മഹത്വം സമ്പത്തിലോ അധികാരത്തിലോ അല്ല;

കരുണയിലും ഉത്തരവാദിത്തബോധത്തിലും സേവനമനോഭാവത്തിലുമാണ്.

## സ്നേഹവും മനുഷ്യബന്ധങ്ങളും

കുരോസാവയുടെ സിനിമകളിൽ പ്രണയം പ്രധാന വിഷയമല്ല. എന്നാൽ സ്നേഹത്തിന്റെ യഥാർത്ഥ അർത്ഥം അദ്ദേഹം വളരെ ആഴത്തിൽ അവതരിപ്പിക്കുന്നു. അദ്ദേഹത്തിന് സ്നേഹം എന്നത് വാക്കുകളിലല്ല, പ്രവൃത്തികളിലാണ്. രോഗിയെ ശുശ്രൂഷിക്കുന്ന ഡോക്ടർ, ദരിദ്രരെ സംരക്ഷിക്കുന്ന സമുറായി, മറ്റുള്ളവർക്കുവേണ്ടി സ്വന്തം ജീവിതം സമർപ്പിക്കുന്ന സാധാരണ മനുഷ്യൻ – ഇവരാണ് അദ്ദേഹത്തിന്റെ സിനിമകളിലെ യഥാർത്ഥ പ്രണയ നായകർ.

ത്യാഗം, കരുണ, ക്ഷമ, ഉത്തരവാദിത്തം എന്നിവയില്ലാത്ത പ്രണയം അപൂർണ്ണമാണെന്ന് അദ്ദേഹം വിശ്വസിച്ചു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ സിനിമകളിലെ പ്രണയം വ്യക്തിപരമായ വികാരത്തേക്കാൾ മനുഷ്യസ്നേഹത്തിന്റെ വിശാലമായ ആശയത്തിലേക്ക് ഉയരുന്നു.



## മനുഷ്യവികാരങ്ങളുടെ മഹാകവി

മനുഷ്യന്റെ മനസ്സിന്റെ എല്ലാ തലങ്ങളെയും കുരോസാവ പഠിച്ചു. ഭയം, പ്രതീക്ഷ, നിരാശ, കുറ്റബോധം, ധൈര്യം, കോപം, അസൂയ, സ്നേഹം, അനുകമ്പ, മോചനം – ഇവയെല്ലാം അദ്ദേഹത്തിന്റെ സിനിമകളിൽ അസാധാരണമായ ആഴത്തോടെ അവതരിപ്പിക്കപ്പെടുന്നു.

ജീവിതം ഒരിക്കലും കറുപ്പും വെളുപ്പുമല്ല; അനേകം ചാരനിറങ്ങളാണ് മനുഷ്യജീവിതമെന്ന് അദ്ദേഹം വിശ്വസിച്ചു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ ഇന്നും ജീവനുള്ള മനുഷ്യരെപ്പോലെ അനുഭവപ്പെടുന്നത്.

## സിനിമകളിലെ മാനവിക സന്ദേശങ്ങൾ

### Rashomon (1950)

ഒരേ സംഭവത്തിന് നാല് വ്യത്യസ്ത സത്യങ്ങൾ ഉണ്ടാകാമെന്ന് ഈ സിനിമ പറയുന്നു. മനുഷ്യൻ സ്വന്തം അനുഭവങ്ങളുടെയും സ്വാർത്ഥതയുടെയും അടിസ്ഥാനത്തിലാണ് സത്യത്തെ കാണുന്നതെന്ന് കുരോസാവ ഇവിടെ വ്യക്തമാക്കുന്നു. സത്യം എപ്പോഴും ലളിതമല്ല എന്ന സന്ദേശമാണ് ഈ ചിത്രം നൽകുന്നത്.

### Ikiru (1952)

മരണാസന്നനായ ഒരു സർക്കാർ ഉദ്യോഗസ്ഥൻ ജീവിതത്തിന്റെ യഥാർത്ഥ അർഥം കണ്ടെത്തുന്ന കഥയാണ് ഇത്. സമ്പത്തും സ്ഥാനവും അല്ല, സമൂഹത്തിന് വേണ്ടി ചെയ്യുന്ന സേവനമാണ് ജീവിതത്തെ അർഥവത്താക്കുന്നതെന്ന് ചിത്രം പഠിപ്പിക്കുന്നു.

### Seven Samurai (1954)

പാവപ്പെട്ട കർഷകരെ സംരക്ഷിക്കാൻ സ്വന്തം ജീവൻ പോലും പണയം വയ്ക്കുന്ന സമുറായിമാരുടെ കഥ. യഥാർത്ഥ നായകൻ അധികാരമുള്ളവനല്ല; ദുർബലരെ

സംരക്ഷിക്കുന്നവനാണെന്ന് കുരോസാവ ഇവിടെ പറയുന്നു. നേതൃത്വത്തിന്റെ അടിസ്ഥാനമൂല്യം സേവനമാണെന്ന സന്ദേശവും ചിത്രം നൽകുന്നു.



## Red Beard (1965)

കുരോസാവയുടെ ഏറ്റവും മാനവികമായ സിനിമകളിലൊന്നായി ഇത് കണക്കാക്കപ്പെടുന്നു. പ്രശസ്തനായ ഒരു ഡോക്ടറുടെ കീഴിൽ പരിശീലനം നേടുന്ന യുവഡോക്ടർ, രോഗികളെ ചികിത്സിക്കുന്നത് ഒരു തൊഴിൽ മാത്രമല്ല, മനുഷ്യസേവനമാണെന്ന് തിരിച്ചറിയുന്നു. കരുണ, സഹാനുഭൂതി, ദാരിദ്ര്യത്തോടുള്ള ബഹുമാനം,

രോഗിയുടെ ആത്മാഭിമാനം എന്നിവ ഈ സിനിമയുടെ പ്രധാന സന്ദേശങ്ങളാണ്.

## Ran (1985)

ഷേക്സ്പിയറിന്റെ King Lear-നെ ആസ്പദമാക്കിയ ഈ ചിത്രം യുദ്ധത്തിന്റെ ഭീകരതയും അധികാരമോഹത്തിന്റെ ദുരന്തവും അവതരിപ്പിക്കുന്നു. യുദ്ധം ആരെയും വിജയിപ്പിക്കുന്നില്ല; അത് മനുഷ്യരെയും സംസ്കാരത്തെയും നശിപ്പിക്കുന്നു എന്ന ശക്തമായ യുദ്ധവിരുദ്ധ സന്ദേശമാണ് ഇതിലുള്ളത്.



Dreams (1990)
മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം,

പരിസ്ഥിതി സംരക്ഷണം, ആണവായുധങ്ങ ളുടെ അപകടം, സമാധാനത്തിന്റെ ആവശ്യകത എന്നിവ ഈ സിനിമയിൽ പ്രതിപാദിക്കുന്നു.
പ്രകൃതിയോടുള്ള ആദരവും ലാളിത്യവും ഭാവി മനുഷ്യരാശിക്ക് അനിവാര്യമാണെന്ന് കുരോസാവ ഓർമ്മിപ്പിക്കുന്നു.

**കുരോസാവ ലോകത്തോട് പറയാൻ ശ്രമിച്ച സന്ദേശം**

അകിറ കുരോസാവയുടെ സിനിമകൾ വെറും കഥകളോ ദൃശ്യവിരുന്നുകളോ ആയിരുന്നില്ല; മനുഷ്യരാശിയോടുള്ള അദ്ദേഹത്തിന്റെ ആത്മസംഭാഷണങ്ങളായിരുന്നു അവ. മനുഷ്യൻ അപൂർണ്ണനാണെങ്കിലും നന്മ തിരഞ്ഞെടുക്കാനും സ്വയം മാറാനും അവന് എപ്പോഴും കഴിയും എന്ന വിശ്വാസമാണ് അദ്ദേഹത്തിന്റെ സൃഷ്ടികളുടെ അടിത്തറ. കരുണയും സഹാനുഭൂതിയും മനുഷ്യന്റെ ഏറ്റവും വലിയ ശക്തികളാണെന്നും

അധികാരത്തേക്കാൾ വിലപ്പെട്ടത്

ഉത്തരവാദിത്തബോധവും സേവനമനോഭാവവുമാണെന്നും അദ്ദേഹം തന്റെ കഥാപാത്രങ്ങളിലൂടെ ആവർത്തിച്ച് പറഞ്ഞു. യുദ്ധം ഒരിക്കലും സ്ഥിരമായ പരിഹാരമല്ല; അത് മനുഷ്യരെയും സമൂഹത്തെയും ഒരുപോലെ മുറിവേൽപ്പിക്കുന്ന ദുരന്തമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. സത്യം പലപ്പോഴും സങ്കീർണവും ബഹുമുഖവുമാണെന്നും അതിനെ മനസ്സിലാക്കാൻ വിനയവും ആത്മപരിശോധനയും അനിവാര്യമാണെന്നും അദ്ദേഹത്തിന്റെ സിനിമകൾ പഠിപ്പിക്കുന്നു. ഒരു സമൂഹത്തിന്റെ യഥാർത്ഥ മഹത്വം അതിന്റെ ഏറ്റവും ദുർബലരും അവഗണിക്കപ്പെട്ടവരുമായ മനുഷ്യരോട് അത് എങ്ങനെ പെരുമാറുന്നു എന്നതിലാണെന്ന് കുരോസാവ വിശ്വസിച്ചു. മറ്റുള്ളവരുടെ ജീവിതത്തിൽ പ്രത്യാശയും ആശ്വാസവും സൃഷ്ടിക്കാൻ കഴിയുന്ന

ജീവിതമാണ് ഏറ്റവും അർഥവത്തായ മനുഷ്യജീവിതമെന്നും, മനുഷ്യസ്നേഹവും നീതിബോധവും കരുണയും നിലനിൽക്കുന്നിടത്താണ് യഥാർഥ സംസ്കാരം വിരിയുന്നതെന്നും അദ്ദേഹത്തിന്റെ മുഴുവൻ ചലച്ചിത്രസൃഷ്ടികളും ലോകത്തോട് നിരന്തരം പറഞ്ഞു കൊണ്ടിരിക്കുന്നു.

## ലോകസിനിമയിലെ പാരമ്പര്യം

അകിറ കുരോസാവയുടെ സിനിമകൾ ജാപ്പനീസ് സംസ്കാരത്തിന്റെ പ്രതിഫലനം മാത്രമല്ല; അവ മനുഷ്യരാശിയുടെ പൊതുസമ്പത്താണ്. അദ്ദേഹത്തിന്റെ കഥകൾ ഒരു രാജ്യത്തിന്റെയോ മതത്തിന്റെയോ കാലഘട്ടത്തിന്റെയോ അതിരുകളിൽ ഒതുങ്ങുന്നില്ല. അവ മനുഷ്യന്റെ സർവലൗകിക അനുഭവങ്ങളെക്കുറിച്ചാണ് സംസാരിക്കുന്നത്. അതുകൊണ്ടുതന്നെ

അദ്ദേഹത്തിന്റെ സിനിമകൾ ഇന്നും ലോകമെമ്പാടുമുള്ള സർവകലാശാലകളിലും ചലച്ചിത്രപഠന കേന്ദ്രങ്ങളിലും പഠനവിഷയമാണ്.അദ്ദേഹത്തിന്റെ പാരമ്പര്യം സിനിമകളിൽ മാത്രമല്ല; മനുഷ്യനെക്കുറിച്ചുള്ള പ്രത്യാശയിലാണ്. സ്നേഹവും കരുണയും സത്യാന്വേഷണവും നീതിബോധവും മനുഷ്യസേവനവുമാണ് ഒരു മികച്ച സമൂഹത്തിന്റെ അടിത്തറയെന്ന് അദ്ദേഹം തന്റെ ജീവിതവും കലാസൃഷ്ടികളും വഴി ലോകത്തോട് പറഞ്ഞു. അകിറ കുരോസാവ ഒരു മഹാനായ ചലച്ചിത്ര സംവിധായകൻ മാത്രമായിരുന്നില്ല; മനുഷ്യന്റെ അന്തസ്സിലും കരുണയിലും

നീതിബോധത്തിലുമുള്ള അചഞ്ചല വിശ്വാസമുള്ള ഒരു മാനവിക ചിന്തകനായിരുന്നു. യുദ്ധത്തെയും അധികാരമോഹത്തെയും അദ്ദേഹം വിമർശിച്ചപ്പോൾ മനുഷ്യ സ്നേഹത്തെയും സേവനത്തെയും സത്യാന്വേഷണത്തെയും

ഉയർത്തിപ്പിടിച്ചു. അദ്ദേഹത്തിന്റെ സിനിമകൾ കാലത്തെയും ദേശത്തെയും ഭാഷയെയും അതിജീവിച്ച് ലോകമനുഷ്യന്റെ അനുഭവങ്ങളെയും പ്രത്യാശകളെയും പ്രതിഫലിപ്പിക്കുന്നു. അതുകൊണ്ടുതന്നെ കുരോസാവയുടെ സൃഷ്ടികൾ ഇന്നും കലാസൃഷ്ടികൾ മാത്രമല്ല, മനുഷ്യജീവിതത്തെ കൂടുതൽ അർഥവത്താക്കാൻ പ്രചോദനം നൽകുന്ന ചിന്തയുടെ ദീപസ്തംഭങ്ങളായും നിലകൊള്ളുന്നു.





# മെഡിക്കലെത്തിക്സ്



കവിത - സുലേഖ കുറുപ്പ്

രാക്ഷസ നീതിക്കു "ധാർമ്മിക നീതി" രണാങ്കണം
തന്നിൽപ്പൊരുതി മരിക്കുന്നു.
ആത്മസംഘർഷത്തിനാന്ദോളനങ്ങളിൽ
ഹിപ്പോക്രാറ്റ്സിൻ
പടം പൊട്ടി വീഴുന്നു.

ആസ്പത്രി രോദനം
നാടു നിറയിലും,
ലാഭങ്ങൾ കൊയ്യുന്ന
ചിന്തയിൽ ഡോക്ടറും
മാലാഖ വേഷങ്ങളാടി തകർക്കുന്ന
യക്ഷിക്കഥകൾക്കു ചുക്കാൻ പിടിക്കിലും
പേരെഴും ധന്യർ ഭിഷഗ്വരന്മാർ
കർമ്മ യോഗീശ്വർ എന്നു വിഭൂതിയണിയുന്നു.

വേദന , വേദന മാനുഷിക മൂല്യമേറ്റി
വളർത്തിടേണ്ടോർതൻ പ്രവൃത്തിയാൽ.
ധർമ്മനീതിക്കു വിലക്ഷണം നിൽക്കുന്ന
സ്വാർഥവീഥി പ്രയാണങ്ങൾ തൻ ക്രൂരത.

സർജറി ചെയ്തു വയറ്റിലും നെഞ്ചിലും
കത്തിയും കത്രികയും ഏറ്റിവയ്ക്കിലും ,
രോഗമില്ലാത്തോനെ രോഗിയെന്നാക്കി
ആ കിഡ്നീം'കരളും കച്ചോടമാക്കിലും ,
ശ്വാസം നിലക്കുന്ന ബില്ലുകൾ
ആസ്പത്രിവാസത്തിനായ് കൊലക്കത്തിയായ്
നീട്ടിലും,
സ്കാനിംഗ് മെഷീനിന്റെ തീരാ ദാഹത്തിനായ്,
രോഗിതൻ,
ചോരയൂറ്റിക്കൊടുത്തീടിലും,
രോഗമില്ലാത്തോനെയില്ലാത്ത രോഗങ്ങളായിരം
ഉണ്ടെന്നു കൊത്തിയരിയിലും,
ഇൻഷ്വറൻസില്ല വി.ഐ.പി.യുമല്ലത്ര ശ്രദ്ധ വേണ്ടെന്നു
നിരാകരിച്ചീടിലും,
കൈനഖം വെട്ടേണ്ട കുഞ്ഞിന്റെ കൈ വെട്ടി,
മേടിക്കലെത്തിക്സ് വിജയമായ് കാൺകവേ,
കൈമടക്കില്ലാതെ സർക്കാരിൻ ഡോക്ടറും
രോഗിയെ നൽകിയമനെത്തുണയ്ക്കവേ,
തീരാത്ത വേദന തന്നിൽ ഒരായിരം
തേങ്ങൽ ഉയരുന്നു ഡോക്ടർ ബധിരനോ !?



# വേദന - ചില ശ്ലഥ ചിന്തകൾ



കരുമം എം. നീലകണ്ഠൻ


**ക്ഷ**ണിക്കാതെയെത്തുമതിഥിയെങ്കിലും
ജനിമൃതികൾക്കിടയിലെ ചങ്ങാതി
വേദനയെന്തെന്നറിയാത്ത ജീവിതം
ചിന്താശേഷിയുള്ളവർക്കു സാധ്യമാണോ?

എത്രമേലോർത്തുകരഞ്ഞാലും വിടില്ല
മർത്യനെയീ നിഷ്ഠൂരനാം വേട്ടക്കാരൻ
പ്രാർത്ഥനയാൽ തുരത്താമെന്ന വിചാരം
വ്യർത്ഥമെന്നതല്ലേ നാമറിയും നിജം ?

സാന്ത്വനം നൽകുവാനെത്രയെത്ര തത്വ-
ചിന്തകരീ മണ്ണിൽ ജനിച്ചു മരിച്ചു
വേദന വാഴുന്നു ചിരഞ്ജീവിയായി,
വിധിയെന്നോർത്താശ്വസിക്കാൻ സാധിക്കുമോ?

വേദന മാരകരോഗത്തിൻരൂപത്തിൽ
പൃഥ്വിയിൽ രുദ്രതാണ്ഡവമാടും നേരം

ശാസ്ത്രമെത്രമേൽ നേട്ടങ്ങൾ കൊയ്തീടിലും
ശാന്തമാകുമോ മർത്ത്യൻതന്നന്തരംഗം ?
സ്നേഹിക്കാ സ്വയം, പിന്നെയപരനേയും
അർഹതയില്ലാത്തതിൽ വേണ്ട മോഹങ്ങൾ
എത്തു വേദനയുമൊരുനാൾ തീർന്നിടു-
മതൊരുവേള മൃതിയെത്തുമ്പോഴാവാം !





# മരണച്ചന്ത



കവിത - അജി.എസ്.

**കാ**ശിനായ് മനുഷ്യന്റെ ജീവനെ വിൽക്കുന്നോരീ-
ക്കാട്ടാളർ വാഴും നഗരമദ്ധ്യേ,
രോഗപ്പുകച്ചുരുൾ നീട്ടി വിഴുങ്ങുന്നു
ലോകത്തെയാകെയാ രാക്ഷസന്മാർ.

മാത്രയായ് മാറ്റിയ മരുന്നിൻ വിലയോർത്തു
മാതൃഹൃദയങ്ങൾ വിങ്ങിടുമ്പോൾ,
ലാഭത്തിൻ കണക്കുപുസ്തകം നോക്കുന്നു
ലോലഭാവമില്ലാ ഡോക്ടർമാരും!

വെള്ളക്കുപ്പായമിട്ടോടും യമന്മാർ
വെള്ളിനാണയത്തെ വണങ്ങിടുന്നു,
ആതുരാലയമല്ലിതാശ്രയമില്ലാത്തോർ-
ക്കാതങ്കമേറ്റുന്ന കൊലനിലങ്ങൾ.

രക്തം പണമാക്കി മാറ്റുന്ന ഫാക്ടറി
രത്നക്കല്ലുകളായ് തിളങ്ങിടുമ്പോൾ,

കണ്ണീരുമാത്രമായ് മാറുന്ന പാവങ്ങൾ
മണ്ണടിയുന്നു മനസ്സുരുകി.

ജീവന്റെ മൂല്യം വെറും പൂജ്യമെന്നോർത്തവർ
ചാവുപെട്ടികൾക്കു വിലയിടുന്നു,
കാരുണ്യമെന്നൊരു വാക്കുപോലുമില്ലാത്ത
കാപട്യ വിപണി തകർന്നിടേണം!





# ഒറ്റമൂലിയെ ക്കാത്ത്



**കവിത – സജി അജീഷ്**

പല പല നാളിൽ
മത്സര ബുദ്ധിയോടെ
പലവിധ രോഗങ്ങൾ
വന്നെത്തി നമ്മിൽ
തരണം ചെയ്യാൻ
പദ്ധതി പലതും കണ്ടെത്തീടുന്നു നാമും നന്മയ
തൊന്നിന്നാൽ .

വസൂരിയും ക്ഷയവും
കുഷ്ഠവുമങ്ങനെയൊരു പേടിക്കാലം
പണ്ടേപോയി മറഞ്ഞെന്നേവരും
ഹുക്കു പിടിച്ചു നടക്കുന്നേരത്തല്ലോ

പക്ഷിമൃഗാദികൾ തൻ പേരുകളിലും
പനികൾ പലതു പടർന്നു ,
മരുന്നുകൾ പലതും ഫലിക്കാതായി,
വിധിയിൽ ഭയന്നു കഴിഞ്ഞു നാട്ടാരാകെയുമന്ന് .

മനുഷ്യ കുലത്തെയടക്കി
ഭരിക്കാനെത്തിയ
ക്യാൻസറിനുണ്ടോ നേരം
ആളും തരവും  കാലും കണ്ണും നോക്കി മാത്രമടു
ത്തീടാൻ .

പാഴ്ച്ചെടിപോലെയാ  വ്യാധി മനുഷ്യനിൽ
കടന്നു  കയറിയെന്നാലോ,
പ്രാണന്റെ  വളവും വെള്ളവുമാകെയുമൂറ്റി
ജീവധർമ്മം  പാലിച്ചീടും
കോശങ്ങളെയാകെ പാവകളാക്കി
ആധിപത്യം  സ്ഥാപിച്ചീടുമവറ്റകളെ
യൊന്നടക്കിയിരുത്താൻ  പോന്നോരൗഷധ,  മില്ലേ ,
യില്ലേലതു  കഷ്ടം  !

ഭീഷണി  കാട്ടിയടക്കീടാൻ
പണിപതിനെട്ടും
കാട്ടേണമതിന്നോ,  ആളോളം  പോരാ  പണവും
പിന്നെ
ആർജ്ജവമാകെയുമൂറ്റി ,
സ്നേഹം കാക്കും  ജീവനെയൊരുനാൾ
വലിച്ചു  പറിച്ചീടുമെന്നൊരു
കയ്ക്കും യാഥാർത്ഥ്യം
നിത്യം കുടിച്ചിറക്കും കുടുംബം
മുന്നമേ വളർന്നു  പരിലസിച്ചീടാൻ
വരച്ചാവഴിയിൽ  തന്നെ  തളർന്നു പതിച്ചീടിന്നു .
കരളുപറിക്കും  ദുഃസ്സഹമാണാ  കരളിൽ,

നേരം തീരെ നോക്കാതെ
ചെളിയും വെള്ളവുമായ്
ചെന്നു ചേക്കേറീട്ടോ,
ദഹനത്തിന്നെതിരെ സമരം തീരുന്നില്ലാ.

തുണ്ടൊരു ഭാഗം കൊടുക്കാമെന്നോരിളം
കരളുള്ളൊരു ബന്ധു , അടുത്തീടിൽ
മുറിച്ചെടുത്താ ക്കരളിനെ
കച്ചോടത്തിന്നായ് മാറ്റീട്ട്യോ,
മാറിപ്പോയെന്നു കൈ
മലർത്തി കാട്ടിടുന്നിക്കൂട്ടർ പലരും.

ദാരിദ്ര്യത്തെ കരുവാക്കി
പലപല മാഫിയകൾ
കരളില്ലാത്തോർ,
തുച്ഛം തുട്ടുകൾ മുമ്പിൽ കാട്ടി
കളങ്കമേശാക്കരളുകൾ
അളവിൽ കളവുവരുത്തി
പറിച്ചെടുക്കുന്നു !

കൈ വളയൂരി വില്ക്കും പോലെ
വൃക്കകൾ വിറ്റുനിത്യനിദാ നം കഴിക്കുന്നോരെ
ഡോളർ മാഫിയകൾ , തൻ
വലക്കകത്താക്കിടുന്നു,
ദേശ ദേശാന്തര ചന്തയിൽ ലേലം ചെയ്തീടാൻ.

ഒറ്റ വൃക്കക്കാരനവൻ
ഒറ്റുകൊടുക്കപ്പെട്ടുയെന്ന്

വൈകിയറിഞ്ഞൊരുവഞ്ചനയാൽ
വെന്തുരുകും നേരത്തമ്പോ
ഹൃദയം ചൊല്ലി വൃക്കയോടായ്,
മെല്ല മെല്ലെ നടന്നു നീ ഞാൻ ശീലിച്ചീടേണ്ടേ ?!
കോർത്തീടു നിൻ കൈക
ളുമെൻ മരവിച്ചു തുടങ്ങിയ കൈകളിലായ്

ജീവിതമിനിയും സ്വപ്നം
കണ്ടും കൊണ്ടോ ,
രോഗഗ്രസ്ഥനൊരുവൻ
സ്വകാര്യാശുപത്രിയിലെത്തുമ്പോഴോ

രക്തവിചാരണ ചെയ്തിട്ടോരു
രോഗം ഉണ്ടോ എന്നു തിരിച്ചറിയാൻ
വീടാധാരം കൂടിയെ തീരൂ
എന്നുതിരിച്ചറിയുന്നു ആദ്യം തന്നെ.

ഒരു തുടം മാത്രം കഴിക്കാ
നുള്ള മരുന്നെന്നാലും
മുഴുനീള കുപ്പി നിറയെ മേടിക്കേണം
കീശയിലെ കാശും പോര, മുഴുപ്പിൽ വ്യാപ്തിയിൽ
ഗുളികയും വാങ്ങീടാൻ,
തിളക്കമാർന്നൊരു താലക്കണക്കു നോക്കി മാത്രം
തന്നീടും

എല്ലാമുള്ളിൽ ചെന്നെന്നാലോ
പാർശ്വഫലങ്ങൾ പടിപടിയായി ഉയർന്നീടുന്നു
പുതിയൊരു ചികിത്സാ വിധി തേടി.

കടവും ചിലവും മൂത്തതു കണ്ടു കഴിഞ്ഞാൽ
പൊടുന്നനെ യറ്റീടില്ലേ
രക്ത ബന്ധവുമവിടെ !
രോഗത്തെക്കാൾ ദുഃസ്സഹമാണീ
ഏകാന്തതയാകും നരക മതെവിടെയെന്നാലും

പരിചരണം കിട്ടാനിടമില്ലതിന്നായ്
പരിഹാരം തേടി നടക്കുവതെവിടെ ?
രോഗം വരാതിരിക്കാനു
ള്ളൊരൊറ്റമൂലി മർത്ത്യൻ
കണ്ടെത്തീടും കാലവു
മിപ്പോൾ സമാഗതമായിടുമോ?



# ആതുരാലയ ക്കൊള്ള



കവിത -
ജയചന്ദ്രൻ നായർ





മഴയത്ത് കൂണു കുരുക്കുന്ന പോലെന്റെ
നാട്ടിൽക്കുരുക്കുന്നിതാശ്പത്രികൾ
ഇരപിടിക്കാനായ് പതുങ്ങിക്കിടക്കുന്ന
നക്രത്തിനെപ്പോലെ വായ് തുറന്നു.


ഒരു മഴപ്പനിയൊന്നു വന്നുവെന്നാൽ
മാറാരോഗമതൊന്നെന്നഭാവനയിൽ ,
പല പരിശോധന ചെയ്യിച്ച് രോഗിയെ
ശയ്യാവലംബിയായ് മാറ്റിടുന്നു!

രോഗത്തിനി,ൻഷ്വറൻസുണ്ടെങ്കിലോ, കഥ
ഓസ്ക്കാറിനുള്ളൊരു സിനിമ പോലെ
മരുന്നിന്റെ കൂമ്പാരക്കെട്ടുകൾ ചാക്കിൽ
കിന്റൽ കണക്കിൽ ചുമന്നു മാറ്റാം.

മരുന്നു കഴിച്ചു , കഴിച്ചവർ പിന്നൊരു
മാരക രോഗിയായ് ചത്തൊടുങ്ങും!

സമ്പത്ത് തന്ത്രത്തിൽ തട്ടിയെടുക്കുന്നൊ-
രെന്ത്രമായ്, മാറുന്നിതാശ്പത്രികൾ.

ലഹരി സംഘങ്ങൾ കൊഴുത്തിടും
പോലൊരു, മാരകലഹരി സങ്കേതമായി,
കാരുണ്യമില്ലാതെ കരുതലില്ലാത്തൊരു
കാപട്യലോകത്തി,ന്നധിപതികൾ!



# സാന്ത്വനം വെറും സ്വപ്നം



കവിത - വിശ്വംഭരൻ രാജസൂയം



ആതുരാലയ വാതിൽപ്പടിയിൽ
ആതുരർ വൃദ്ധ ദമ്പതിമാർ നില്പിതാ
മേലേയ്ക്കേട്ടു പടിയേറി വേണം
മേനിക്കാസുഖം ഡോക്ടറോട്  ചൊല്ലുവാൻ

വൃദ്ധരാം ദമ്പതികളിലൊന്നിന്ന്
വൃക്ക തകരാറാണെന്നതും കഷ്ടം!
വൃദ്ധിക്ഷയ സൂര്യ ചന്ദ്രനെപ്പോൽ
ബുദ്ധി ക്ഷയ ബാധിതരുമാണവർ

വിറയുന്ന മേനിയും കൈകാലുകളും
വികല ചിന്തയുമായ് ക്ഷീണിതർ
വിധിയെ മാത്രം പഴിച്ചുകൊണ്ടവർ
വഴിയേ പടിയേറി സ്വയം മേലെയെത്തി

സർക്കാരിന്നാശുപത്രിയും ഡോക്ടറുമായതാൽ
സശ്രദ്ധം രോഗിയെ പരിചരിച്ചതേയില്ല

സവിനയഭാവേ ഡോക്ടരവർക്കു സങ്കീർണ്ണമായൊരു
കുറിപ്പടി നൽകിവിട്ടു

ആശുപത്രിയിൽ മരുന്നുകളേതൊന്നുമില്ലായ്കയാൽ
അലഭ്യ മരുന്നിൻ കുറിപ്പടിയുമായ് ആതുരരവർ രണ്ടും
ഉറക്കെച്ചൊല്ലി ആർക്കും ഇവിടെ സാന്ത്വനം വെറും
സ്വപ്നം...



# സ്നേഹസാന്ത്വനം



കവിത - തിരുമല ശിവൻകുട്ടി

ഇനിയും നരച്ചീല തലമുടി നാരുകൾ
ഇനിയും കൊഴിഞ്ഞീല നിരയൊത്ത പല്ലുകൾ
ജീവിത പ്രണയത്തിൻ പൂമുഖത്തിണ്ണയിൽ
പുലരിക്കാഴ്ചകൾ കണ്ടിരിക്കുമ്പോഴെൻ
പ്രണയിനീ, നീ പിന്നിൽ വന്നുനിൽക്കുന്നുവോ
പൂനിലാച്ചിരിയുടെ പാൽ ചായ നൽകുവാൻ


കാറ്റുവീഴ്ചയാൽ ഓല പോയ തെങ്ങുകൾ
ആറ്റുതീരത്തു നിൽക്കുന്ന കാഴ്ചപോൽ
അർബുദബാധയാൽ തലമുടി പൂർണ്ണമായ്
കൊഴിഞ്ഞ നിൻ ശൂന്യശിരസ്സ് കാണുന്നു ഞാൻ

സ്നേഹദുഗ്ധം പകർന്ന നിൻ താരുണ്യ
കുംഭങ്ങളൊന്നിനെ രോഗാണു തിന്നുവോ?
സ്നിഗ്ധ സൗന്ദര്യധാരകൾ പെയ്തനിൻ
അംഗലാവണ്യം തെല്ലു കുറഞ്ഞുവോ?

നോവുകളേറ്റുന്നുയെൻ സ്നേഹ മനസ്സിലായ്-
കമ്പിപൊട്ടിയ രുദ്ര വീണ കണക്കെനീ.
കടൽത്തിര കണക്കെഴും ചുരുൾ വേണി
ക്കെട്ടിലായ് മൂന്നം തഴുകവേ നിൻലോല
കവിൾത്തടം ശോണാഭകലർന്നില്ലേ,
കാവ്യമൂറും മിഴിതെല്ലൊന്നു കൂമ്പീലേ?

ഇനിയും ഇതളിടും നിർമ്മല സ്നേഹസൂനങ്ങൾ
മനസ്സിൻ ശാദ്വലതടങ്ങളിൽ
ഇനിയുമുതിർന്നിടും സ്വരം അനുരാഗവീണയിൽ

അന്നു ഞാനും നീയുമനശ്വര സ്നേഹത്തിൻ
അലച്ചാർത്തുകൾ തീർക്കും പ്രണയസാഗരം തന്നിൽ
നിറയും പുഴയൊഴുകും സ്നേഹസാഗരം തേടി.



# എങ്ങുമെത്താത്ത രോദനങ്ങൾ





കവിത - പ്രൊഫ. ടി. ഗിരിജ

ആശുപത്രിയിലാഘോഷം മുന്നിലായി
സ്ക്രീനിലും ചാനലാഘോഷ ഘോഷണം
വേദാന്തമോതുന്നിടയ്ക്കു നിൽക്കുന്നവർ
കാണാതെ കണ്ണീർ തുടയ്ക്കുന്നു , തേങ്ങുന്നു .
നല്ലതും ചീത്തയും ചൊല്ലി മുന്നേറുന്നു
സ്വന്തവും ബന്ധവും കണ്ടെത്തി വന്നവർ
"ഈ കാലിലല്ലെന്റെ വേദന" ആരുടെ
ശബ്ദമാണെന്ന് ജനം മിഴിക്കുന്നു .
"കാലു പോയോ ! ഇടം കാലിലല്ലെൻ
വലം കാലിലാണിന്നു തീരാത്ത രോഗം
കൈവിരൽ പോയൊരു കുഞ്ഞും
വയറ്റിലായ്  വച്ചു മറന്നതാം
കത്രിക മൂർച്ചയും
കീറിമുറിക്കവേ ഞെട്ടിയ കണ്ണുകൾ
മെല്ലെ തുറന്നതും

തീവ്ര വേദന സഹിച്ചീടുവാനാത്തവൾ
കുഞ്ഞു കണ്ണുകൾ ചേർത്ത് മറഞ്ഞതും
"ഡോസ് കൂടി പോയതാം " അതും സംശയം.
"എല്ലാം തെളിയുമേ കാക്കുക ശാന്തമായ്"
ഏതോ നിശബ്ദതയ്ക്കപ്പുറം നിന്നവർ
കൈകൾ കഴുകിയും ശുശ്രൂഷ ചെയ്യവേ
രോഗി ചൊല്ലുന്നതും കേൾക്കാതെ നീങ്ങവേ
ആര് ചോദിക്കുന്നു - കേൾക്കുന്നു നേരുകൾ .
" എന്തുചെയ്യാൻ ? മരുന്ന് എന്തേ കഴിച്ചു നീ
കഷ്ടമായി നോക്കാതെ എന്തിനു തിന്നതും "
അക്ഷരജ്ഞാനമില്ലാത്തൊരാ പാവം
കുത്തി വരച്ചത് വായിപ്പതെങ്ങനെ ?
തെറ്റും മരുന്നുകൾ തെറ്റും ചികിത്സകൾ
കേൾക്കാതെ കാണാതെ രോഗം വിധിപ്പവർ
ഒക്കെവിധിയെന്നേ മൊഴിത്തുണ്ടെറിഞ്ഞുടൻ
നീങ്ങി മറയുന്നുണ്ടു മാലാഖമാരുമേ
കണ്ണടച്ചും ഉറങ്ങാതിരുന്നിടാം
കൺതുറന്നാലെനിക്കെന്നെ നഷ്ടമാം .
സർവ്വതും ദൈവത്തിലർപ്പിച്ചു നീങ്ങിടാം
ഒക്കെയും നന്നാവുമെന്നും കരുതിടാം
ആധുനികതേ ! നിന്റെ വികൃതമാം
നേരുകേടുകൾ ദുസ്സഹം ക്രൂരമേ !
രോഗമില്ലാത്ത കൈവിരൽ പോയൊരു ബാലകൻ
മരുന്നെത്ര മാറി കൊടുത്തൊന്നിനും
കഴിയാതെയെത്തുന്നവർ

ആംഗലേയം ചവച്ചിട്ടു കാലിലെ
മെതിയടികളമമർത്തി ചവിട്ടിയും
വന്നിടുന്നു അഹന്തതൻ രൂപങ്ങ –
ളണമുറിയാതെ ശയ്യകൾക്കപ്പുറം
എന്തു വീണ്ടുമുരയ്ക്കുവാൻ – നിങ്ങൾ
സർവ്വശാസ്ത്ര പാരംഗദർ ! പണ്ഡിതർ !
ഞങ്ങൾ പാവം ഗിനി പന്നികൾ !
രോഗമേകിയെല്ലാം സഹിക്കാൻ വിധിച്ചവർ
അപരഹൃദയ വിജ്ഞാനപുംഗവർ
വാണ നാടിനു കേണു കേഴുമ്പോഴും
ബധിരകർണ്ണവും അന്ധമാം കൺകളും
ചത്തു തീർന്നൊരു ചങ്കുമായി നീങ്ങവേ
എന്തു നേടുന്നു നിങ്ങളും ഞങ്ങളും !
തീരെ ശുഷ്കമാം കൈകളിൽ ചാരവും
രണ്ടുതുള്ളി മിഴിനീരുമല്ലാതെ .



# മരണദൂരങ്ങൾ



കവിത –
അനിതാ ശരത്







മരുന്നിൻ മണമുള്ള തെന്നലുലാവുന്ന
മാത്രകളെന്നിൽ നിഴൽ പൊഴിക്കെ
ആയിരം പൂർണ്ണേന്ദു രാവുകൾ ദർശിക്കാൻ
ആഗ്രഹമേന്തും ജീവത്മാവ് ഞാൻ

ആസ്പത്രി രാവുകൾ പോലും നിസംഗമായ്
ഊർദ്ധൻ വലിച്ചു കിതച്ചു നിൽക്കേ
കണ്ണിൽ വെളിച്ചം തുളിച്ചു, തുറക്കുവാൻ
വയ്യാതെ ഞാനെന്നെ താങ്ങി വീഴെ

ഇരുളിൻ ഗുഹയിൽ പതിച്ചുപോയ് പിന്നെയെൻ
മൗനക്കരച്ചിലെന്നുള്ളിലിറ്റു
മൃദുമന്ദഹാസം പൊഴിക്കും  വെളിച്ചമി-- ല്ലൊരിടത്തും,
എന്റെ പ്രതീക്ഷ പൂക്കാൻ

മരണദൂരങ്ങൾ കിതപ്പായൊടുക്കമെൻ
ശരണമന്ത്രങ്ങൾ തളർന്നുപോകെ
ഇരുളും വെളിച്ചവുമിഴുകിപ്പരക്കവേ
ഇടനെഞ്ചുമിരുകാലുമിടറിപ്പോകെ

ഒരു നൂറ് സൂര്യന്മാരൊരുമിച്ചുദിച്ചപോൽ
രജതപ്രകാശമുദിച്ചുയരെ
അകലേയ്ക്കകലേ,യ്ക്കടുക്കും നിമിഷത്തിൽ
ആനയിക്കാൻ വന്നൊരിളം പവനൻ

മൃതിപോലുമലിയുന്ന കരുണ തുളുമ്പുന്ന
മധുവാണി കാതിൽ പറഞ്ഞുപോകെ
അരികിൽ പനിമതിപ്പൂനിലാ തണുവു പോൽ
ആരോ കരം പിടിച്ചാർദ്രമായി

എൻമെയ്യിൽ മെയ് ചേർത്തണച്ചു പിടിച്ചെന്റെ
കർണ്ണത്തിൽ കീർത്തനം ചൊൽവതാരോ!
സർവ്വകരുത്തും സമാഹരിച്ചെന്നിലായ്
സാന്ത്വന സ്പർശം തരുന്നതാരോ!

മരണത്തെ പുൽകാൻ നേരമായില്ലെന്ന
മൊഴിയാം സത്സംഗീതമാർ പറഞ്ഞു!
മരണദൂരങ്ങളിലനുയാത്രാസന്ദേശം
ചൊരിയാൻ കരം തൊടും മാലാഖയോ!!!

ശാസ്ത്രവും ആതുരശുശ്രൂഷയും മൃതി
മാറ്റിക്കുറിക്കുന്ന വേളവന്നോ?
മനസ്സിന്റെ രോഗവും മാറ്റിടേണം നമ്മുടെ
മലിനമാം ചിന്തയും നീക്കിടേണം .

# ഹൃദയപൂർവ്വം





**കവിത -**
**അനീഷ് ആർ. കെ.**

**അ**റിയുകയാണിന്നു ഞാനെന്നിലായ്
നീ പകർന്നേകിയോരാർജവത്തെ,
തിരയുകയാണിന്നുമെന്റെയുള്ളം
തിരി നീട്ടി നൽകിയ സ്നേഹസ്പർശം.

ഇരുളാർന്നു മങ്ങിയ ജീവിതത്തിൽ
തരളമായൊഴുകിയ സ്നേഹമേ നീ,
ഇതൾ വിടരുന്നൊരു പൂവായി വന്നു
അറിയാതെ പടരുന്ന നോവായി മാറി.

മൂകമാം സന്ധ്യയായ് മാറുന്നു മനതാരിൽ
ഒരു തേങ്ങൽ മാത്രമായ് ശേഷിച്ചൊടുങ്ങുന്നു
മാരകമായെന്തോ പടരുന്നുവെന്ന പോൽ
ജീവന്റെ നാഡിയിൽ വിങ്ങലുണരുന്നു.

ഹൃദയമാം തന്ത്രിയിൽ രാഗങ്ങൾ ശാന്തമായ്
ശ്രുതികളിലാടിയ സിരകളും മൗനമായ്.
അതിരുകൾക്കപ്പുറം നീയന്നു നൽകിയ
കനിവിന്റെ സംഗീതം ഒഴുകിടുന്നു.

എവിടെ നിന്നാണെന്നതറിയില്ല മാറിലായ്
ചേർത്തു പിടിപ്പിച്ചു പുതിയൊരു ഹൃദയം.
അലയടിച്ചെന്നിലായ് വീണ്ടുമുയരുന്നു
പിറവിതൻ മധുരമാം ഹൃദയതാളം.

അവയവദാനത്തിൻ മറവിലായ് ചിലരുണ്ട്
വിലപേശി വിൽക്കുവാൻ ക്ഷേമമായ്.
മാഫിയക്കാരവർ ഹൃദയശൂന്യർ
അട്ടിമറിക്കുന്നു ഹൃദയപൂർവത്തെ.

'ഹൃദയപൂർവ്വം ' നെഞ്ചിലേറ്റി ഞാൻ പാടുന്നു
എൻ ജീവനാഴികൾ നിൻ നാമം വാഴ്ത്തിടും

കരുണതൻ തീരത്തിലൂടെ നീ മെല്ലെയെൻ
ഹൃദയ താളത്തിനെ തൊട്ടറിഞ്ഞു
പുതുവെളിച്ചം നൽകി എന്നിലെ എന്നെ നീ
പുലരിതൻ മാറിലായ് ചേർത്തുവച്ചു.

കരയുന്ന കടലിലും കാറ്റിലും പിന്നെയീ
തോരാതെ പൊഴിയുന്ന മഴയിലും നീ
അലിവോടെ ചൊരിയുന്ന ഹൃദയ മന്ത്രത്താൽ
പകരുവതെന്തൊരു പുതുജീവിതം.
അലിവോടെ ചൊരിയുന്ന ഹൃദയ മന്ത്രത്താൽ
പകരുവതെന്തൊരു പുതുജീവിതം.


FILM VISION MONTHLY JULY 2026
RS. 2/ RNI-KER BIL/2002/8043

## Membership

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |


Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090


വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.

വില: ~~₹ 200~~ ₹150




15th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ജലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ
മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം
മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com
Shop Online

# Film Vision Digital Magazine


## Chief Editor

Dr. B. Radhakrishnan

## Associate Editors

Rajambika S.S., Dr. Lalitha Gouri

## Sub Editors

Jyothish Kumar P.S.

## Web & Graphic Design

PeerBey Software, Thrissur

## Circulation

Vinod Kumar P.



## Editor and Publisher



Dr.Sabu Sankar , General Secretary,
FILCA,
PB 2224, Trivandrum -10. Kerala.
Ph: 80890 36090 E-mail :
filcakerala@gmail.com